G4 25/04/2026

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂരങ്ങാടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.25/198/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 13/03/2026
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരൂരങ്ങാടി മുനിസിപ്പാലിറ്റി

സർ,

വിഷയം : തിരൂരങ്ങാടി മുനിസിപാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

DISTRICT AUDIT OFFICE KERALA STATE AUDIT DEPARTMENT MALAPPURAM

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(AIMS മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.25/198/2026 തീയ്യതി: 13/03/2026

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-02-2025 മുതൽ 14-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 70 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള ഇടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-01-2026 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാം മനോഹർ വി.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 14-01-2026 | 28-01-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2026 | 29-01-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.അബ്ദുന്നാസർ.പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2. ശ്രീമതി.സിന്ധു.ഐ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീമതി.ജിഷ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ശ്രീ.അനീഷ് ബാബു.കെ.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീമതി.ജസ്ന.എം,ഓഡിറ്റർ
6. ശ്രീ.അനീസ് ബാബു.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി.മുഹമ്മദ് കുട്ടി | ചെയർമാൻ | 01-04-2024 | 31-03-2025 |
| ശ്രീ. മുഹമ്മദ് മുഹ്സിൻ.കെ.പി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷബീർ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 26-09-2024 |
| ശ്രീ. ഷാജി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-09-2024 | 14-01-2025 |
| ശ്രീമതി. മിനിമോൾ.കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-01-2025 | 31-03-2025 |
| ശ്രീ.അബ്ദുൽ നാസർ.സി.കെ | ക്ലീൻ സിറ്റി മാനേജർ | 01-04-2024 | 31-08-2024 |
| ശ്രീ. സുരേഷ്.എ.പി | ക്ലീൻ സിറ്റി മാനേജർ | 01-09-2024 | 23-09-2024 |
| ശ്രീ. പ്രകാശൻ.ടി.കെ | ക്ലീൻ സിറ്റി മാനേജർ | 24-09-2024 | 31-03-2025 |
| ശ്രീ. സുരേഷ്.എ.പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ. മുഹമ്മദ് റഫീഖ് അലി. എം | പ്രൊജക്ട് ഓഫീസർ | 01-04-2024 | 26-11-2024 |
| ശ്രീമതി. സ്മിത.പി.പി | പ്രൊജക്ട് ഓഫീസർ | 27-11-2024 | 31-03-2025 |
| ഡോ. പ്രഭുദാസ്. ആർ | സൂപ്രണ്ട് (താലൂക്ക് ആസ്ഥാന ആശുപത്രി) | 01-04-2024 | 31-03-2025 |
| ഡോ. നർജ്ജിസ്.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. സുബിൻ.കെ.ജെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. തസ്ലീന.എം | വെറ്ററിനറി സർജൻ | 01-04-2024 | 08-10-2024 |
| ഡോ. ഷബീർ ഹുസൈൻ | വെറ്ററിനറി സർജൻ | 09-10-2024 | 19-11-2024 |
| ഡോ. തസ്ലീന.എം | വെറ്ററിനറി സർജൻ | 20-11-2024 | 31-03-2025 |
| ശ്രീമതി.ലിജ ജയിംസ് | പ്രിൻസിപ്പൽ | 01-04-2024 | 31-03-2025 |
| ശ്രീമതി.ജലജ.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ആരണി.പി.എസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | സ്ഥിര നിക്ഷേപം - വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബാങ്ക് ബുക്ക്, റികൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-1-6 |
| 8 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല | 1-1-7 |
| 9 | ബാങ്ക് അക്കൗണ്ടിന്റെ റികൺസിലിയേഷനിൽ അപാകത | 1-1-8 |
| 10 | സാക്ഷരതാ അക്കൗണ്ട് - ദീർഘകാലമായി ഇടപാടുകൾ ഇല്ല. | 1-1-9 |
| 11 | വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ആസ്തികളുടെ മൂല്യത്തേക്കാൾ തേയ്മാന ചെലവ് കണക്കാക്കി | 1-1-11 |
| 13 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക B-17 നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-1-13 |
| 15 | കെ സ്മാർട്ട് മുഖേനയുള്ള ഓഡിറ്റ് - സോഫ്റ്റ് വെയറിലെ പരിമിതികൾ | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | സാമൂഹ്യ ക്ഷേമ പദ്ധതികൾ. | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | "ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും"- അവലോകനം. | 1-11 |
| 26 | മുനിസിപ്പൽ പെൻഷൻ ഫണ്ട് - അവലോകനം. | 1-12 |
| 27 | വാർത്താ വിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി കുടിശ്ശിക | 1-13 |
| 28 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു | 1-14 |
| 29 | പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 30 | മരുന്നുകൾ സ്റ്റോക്കിലെടുത്തതിലെ അപാകതകൾ | 1-16 |
| 31 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 32 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-18 |
| 33 | ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 34 | കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ല- പിഴ ഈടാക്കിയില്ല. | 1-20 |
| 35 | ഹാന്റ് റെയിൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 1-21 |
| 36 | മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് /ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തനത് ഫണ്ടിലേക്ക് അടവാക്കുന്നില്ല | 1-22 |

| | | |
|---|---|---|
| 37 | ആദായ നികുതി കുറവായി ഈടാക്കി | 1-23 |
| 38 | തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തി - അപാകതകൾ | 1-24 |
| 39 | അക്രിറ്റഡ് ഏജൻസി വഴി തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തി സർക്കാർ ഉത്തരവ് പാലിച്ചില്ല. | 1-25 |
| 40 | റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 1-26 |
| 41 | ഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിംഗ് അപാകതകൾ | 1-27 |
| 42 | അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-28 |
| 43 | നെയിം ബോർഡ് സ്ഥാപിച്ചില്ല - കരാറുകാർക്ക് പണം അനുവദിച്ചു | 1-29 |
| 44 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം രണ്ടാം ഘട്ടം- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 1-30 |
| 45 | ഓണം മുൻകൂർ തിരിച്ചു പിടിക്കാൻ അവശേഷിക്കുന്നു. | 1-31 |
| 46 | ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കിയിട്ടില്ല. | 1-32 |
| 47 | വാഹനങ്ങളുടെ ഇന്ധന ഉപഭോഗ പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 48 | സ്കൂളുകൾക്ക് ശുചീകരണ കിറ്റ്- പദ്ധതി നിർവ്വഹണത്തിലെ അപാകത. | 1-34 |
| 49 | വാഹനങ്ങളുടെ വിവരം - വിൽസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നില്ല | 1-35 |
| 50 | അനധികൃത കെട്ടിടങ്ങൾ- തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-36 |
| 51 | ഡി പി സി അംഗീകാരം ലഭിച്ച എല്ലാ പ്രൊജക്ടുകളും സുലേഖ പത്രികയിൽ വന്നിട്ടില്ല | 1-37 |
| 52 | സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി | 1-38 |
| 53 | വീട് പുനരുദ്ധാരണം- അധികം തുക അനുവദിച്ചത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു | 1-39 |
| 54 | വാങ്ങലുകളിൽ ടെണ്ടർ /ക്വട്ടേഷൻ നടപടികൾ പാലിച്ചില്ല | 1-40 |
| 55 | ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലേലം ചെയ്ത് വാടക വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. | 1-41 |
| 56 | വാടകകുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-42 |
| 57 | മൈലിക്കൽ ശ്മശാനം ആധുനികവൽക്കരണം- പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. | 1-43 |
| 58 | അനധികൃത നിർമ്മാണങ്ങൾ–ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-44 |
| 59 | നഗരസഭ പരിധിയിലെ ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയ്ക്ക് വസ്തു നികുതി ചുമത്തിയില്ല | 1-45 |
| 60 | കല്ലുക്കയം പദ്ധതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ–നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്. | 1-46 |
| 61 | പി.എം.എ.വൈ - ലൈഫ് ഭവന നിർമ്മാണത്തിൽ പുരോഗതിയില്ല. | 1-47 |
| 62 | എസ്.എസ്.എ. പദ്ധതിക്ക് തുക അടവാക്കി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-48 |
| 63 | കോക്ലിയാർ ഇംപ്ലാന്റേഷൻ റിപ്പയറിംഗ് വിഹിതം അടവാക്കൽ– വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-49 |
| 64 | പത്താം തരം / പന്ത്രണ്ടാം തരം തുല്യത- രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-50 |

ഭാഗം 2

ഭാഗം 3

| | | |
|---|---|---|
| 1 | റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 3-1 |
| 2 | നെയിം ബോർഡ് സ്ഥാപിച്ചില്ല - കരാറുകാർക്ക് പണം അനുവദിച്ചു | 3-2 |

ഭാഗം 4

| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക്. | 4-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |


അനുബന്ധം


1 ഓഡിറ്റ് സാക്ഷ്യപത്രം

2 ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന വാർഷിക ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.11.2025 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് **30-11-2025** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുന്നെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

സ്ഥലം : മലപ്പുറം
തീയതി :

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകത ഐ കെ എം ന്റെ ശ്രദ്ധയിൽ പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (41/24-25/24.01.26) മറുപടി ലഭ്യമാക്കി.

### 1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58 (4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ വാർഷിക കണക്കുകളിൽ ചില തുകകൾ അംശമായും

രേഖപ്പെടുത്തിയിട്ടുണ്ട്. (ഉദാ :ഷെഡ്യൂൾ B1, ഷെഡ്യൂൾ B8).
തുകകൾ അംശമായി രേഖപ്പെടുത്തിയത് ക്ലറിക്കൽ മിസ്റ്റേക്ക് ആണെന്നും അടുത്ത വാർഷിക പത്രിക തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/24-25/24.01.2026) മറുപടി ലഭ്യമാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.
ജി ഐ എസ് മാപ്പിംഗ് നഗരസഭയിൽ പൂർണ്ണമായി നടപ്പിലാകുന്ന മുറയ്ക്ക് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/24-25/24.01.2026) മറുപടി ലഭ്യമാക്കി. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-7 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.
ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/24-25/24.01.2026) മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-1-5 സ്ഥിര നിക്ഷേപം - വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B-12 പ്രകാരം വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം 3,77,69,731/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 3,63,76,394/- രൂപയാണ്. ആയവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
സ്ഥിര നിക്ഷേപങ്ങൾ രജിസ്റ്ററിലേക്ക് ചേർത്തപ്പോൾ പലിശ ചേർക്കാൻ വിട്ട് പോയതാണ് വ്യത്യാസത്തിന് കാരണമെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/24-25/24,01.2026) മറുപടി ലഭ്യമാക്കി. ലഭ്യമായ പലിശ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല എന്ന് വ്യക്തമാവുന്നു. രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-6 ബാങ്ക് ബുക്ക്, റികൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, റികൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ രേഖകൾ K- Smart വഴിയും പരിശോധനക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം. | ബാങ്ക് /അക്കൗണ്ട് നമ്പർ | B-17/RP40(b) പ്രകാരം നീക്കിരിപ്പ് |
|---|---|---|
| 1 | SBI 57031225541 | 75468 |
| 2 | HB 50200022043265 | 12318 |

മേൽ അക്കൗണ്ടുകൾ നിലവിൽ ട്രാൻസാക്ഷൻ നടക്കാത്തതിനാൽ ക്ലോസ് ചെയ്യാൻ 29.11.2024 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചതാണെന്നും 2025 ഡിസംബറിൽ ഭരണസമിതി അതിന് അംഗീകാരം നൽകിയതാണെന്നും ആയതിനാലാണ് കെസ്മാർട്ടിൽ ഉൾപ്പെടുത്താത്തത് എന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/24-25/24.01.2026) മറുപടി ലഭ്യമാക്കി. എന്നാൽ ഭരണസമിതി തീരുമാനം, അക്കൗണ്ട് ക്ലോസ് ചെയ്ത രേഖകൾ, ബാലൻസ് തുക ഏത് അക്കൗണ്ടിലേക്കാണ് മാറ്റിയത് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-1-7 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. ഈ അക്കൗണ്ടുകളുടെ വിവരങ്ങൾ K-Smart വഴിയും ലഭ്യമായില്ല.

| ക്രമ നം. | ബാങ്ക് /അക്കൗണ്ട് നമ്പർ | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2025 ലെ നീക്കിരിപ്പ് |
|---|---|---|
| 1 | ഇന്ത്യൻ ബാങ്ക്, കോട്ടപ്പടി (8007541310) | 319329 |
| 2 | ഐ. സി. ഐ. സി. ഐ, ചെമ്മാട് (323101001324) | 0 |
| 3 | കനറ ബാങ്ക്, ചെമ്മാട് (0825101080275) | 0 |

ഈ അക്കൗണ്ടുകൾ നിലവിൽ ട്രാൻസാക്ഷൻ നടക്കാത്തതിനാൽ ക്ലോസ് ചെയ്യാൻ 29.11.2024 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചതാണെന്നും 2025 ഡിസംബറിൽ ഭരണസമിതി അതിന് അംഗീകാരം നൽകിയതാണെന്നും ആയതിനാലാണ് കെസ്മാർട്ടിൽ ഉൾപ്പെടുത്താത്തത് എന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/24-25/24.01.2026) മറുപടി ലഭ്യമാക്കി. എന്നാൽ ഭരണസമിതി തീരുമാനം, അക്കൗണ്ട് ക്ലോസ് ചെയ്ത രേഖകൾ , ബാലൻസ് തുക ഏത് തനത് ഫണ്ടിലേക്കാണ് മാറ്റിയത് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സകർമയിൽ മീറ്റിംഗ് മിനുട്സ് പരിശോധിച്ചതിൽ 2025 ഡിസംബറിൽ കൗൺസിൽ ഇത്തരത്തിലുള്ള തീരുമാനം എടുത്തതായി കാണുന്നില്ല.

## 1-1-8 ബാങ്ക് അക്കൗണ്ടിന്റെ റികൺസിലിയേഷനിൽ അപാകത

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടിന്റെ റികൺസിലിയേഷനിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

| ബാങ്ക് | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് (K Smart പ്രകാരം) | Add Cheque Issued But Not Presented To Bank | Less Cheque Deposited But Not Collected | ആകെ തുക | പാസ്സ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|---|
| HG Wellness 110049784137 (കനറ ബാങ്ക്) | 8268637 | 167142 | 0 | 8435779 | 8560477 | 124698 |
| ICICI 323101001327 | -705500 | 56100 | 56100 | -705500 | 0 | 705500 |

## 1-1-9 സാക്ഷരതാ അക്കൗണ്ട് - ദീർഘകാലമായി ഇടപാടുകൾ ഇല്ല.

SBI (സാക്ഷരത) 57031225541 എന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.2025 ലെ നീക്കിയിരിപ്പ് വാർഷിക കണക്ക് പ്രകാരം 75468 രൂപയാണ്. എന്നാൽ ഈ അക്കൗണ്ടിന്റെ 28.12.2017 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 28.12.2017 വരെയുള്ള നീക്കിയിരിപ്പ് 75468 രൂപയാണ്. ആയതിന് ശേഷം അക്കൗണ്ടിൽ ക്രയവിക്രയങ്ങൾ നടത്തിയതായോ അക്കൗണ്ട് അപ്ഡേഷൻ നടത്തിയതായോ അക്കൗണ്ട് ക്ലോസ് ചെയ്തതായോ കാണുന്നില്ല. പലിശയും ഈ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല എന്ന് കാണുന്നു.

പ്രസ്തുത അക്കൗണ്ടിലെ തുക സർക്കാരിലേക്ക് തിരിച്ചടച്ചതാണെന്ന് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 41/24-25/24.01.2026) മറുപടി ലഭ്യമാക്കി. അക്കൗണ്ടിലെ തുക സർക്കാരിലേക്ക് തിരിച്ചടച്ചതാണെങ്കിൽ വാർഷിക കണക്ക് പ്രകാരം 31.03.2025 ലെ നീക്കിയിരിപ്പ് 75468 രൂപ വരില്ല. വ്യക്തത വരുത്തേണ്ടതാണ്.

ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ കൗൺസിൽ തീരുമാന പ്രകാരം ക്ലോസ് ചെയ്ത് ബാലൻസ് തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

## 1-1-10 വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ .

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് എ.സി.ആർ | ചെലവ് വാർഷിക കണക്ക് (I-6 + B-3) |
|---|---|---|---|
| 1 | വികസന ഫണ്ട് - ജനറൽ | 41602965 | 39600228 |
| 2 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 29005518 | 15009928 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 16477187 | 7338185 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 12130539 | 7514354 |

2024-25 വർഷത്തെ പദ്ധതികൾ സാംഖ്യ സെർവറിൽ നിന്ന് കെ സ്മാർട്ടിലേക്ക് പോർട്ട് ചെയ്യപ്പോഴുണ്ടായ സാങ്കേതിക പിഴവ് മൂലമാണ് ചെലവിൽ പൊരുത്തക്കേടുകൾ വന്നതെന്നും പ്രസ്തുത വിഷയം ഐ കെ എം ന്റെ ശ്രദ്ധയിൽ

പെടുത്തുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 41/24-25/24.01.2026) മറുപടി ലഭ്യമാക്കി.

## 1-1-11 ആസ്തികളുടെ മൂല്യത്തേക്കാൾ തേയ്മാന ചെലവ് കണക്കാക്കി

31.03.2025 ലെ ബാലൻസ്ഷീറ്റ് പ്രകാരം വിവിധതരം ആസ്തികളുടെ ആസ്തിമൂല്യം , ആകെ തേയ്മാന ചെലവ് (Accumulated Depreciation) എന്നിവ കണക്കാക്കിയത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ആസ്തിമൂല്യം വാർഷിക കണക്ക് B9 പ്രകാരം മൂല്യം (രൂപയിൽ) | ആകെ തേയ്മാന ചെലവ് വാർഷിക കണക്ക് B10 പ്രകാരം മൂല്യം (രൂപയിൽ) |
|---|---|---|---|
| 1 | 4106001 - Office&Other Equipments | 85,00,943 | 89,56,934 |
| 2 | 4108001 – Other Fixed Asset | 54,83,887 | 4,67,97,640 |

ആസ്തികളുടെ മൂല്യത്തേക്കാൾ തേയ്മാന ചെലവ് കണക്കാക്കാൻ ആവില്ല. അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

## 1-1-12 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക B-17 നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക ഈയാവശ്യത്തിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിലെ 31.03.2025 ലെ നീക്കിയിരിപ്പ് B-17 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം/ബാങ്ക് | B4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക | B17 നീക്കിയിരിപ്പ് |
|---|---|---|
| Health Grant Towards Conversion Of PHC And Subcenters Into Health And Wellness Centers | 8143939 | 8393335 |
| Member Of Parliament Local And Development Scheme | 33188 | 34642 |
| Prime Minister Awas Yojana General | 1637425 | 1601611 |
| Grant Fund And Contributions For Specific Purpose Other Than Development Fund And State Sponsored Scheme Funds Life Mission | 560000 | 595814 |

## 1-1-13 ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

വാർഷിക കണക്ക് Income And Expenditure ഷെഡ്യൂൾ I (19 ) പ്രകാരം Prior Period Income ഇനത്തിൽ 8667238/- രൂപ ചിലവുണ്ട്. ഈ ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ ഹെഡുകളിൽ തുകകൾ ജേർണൽ എൻട്രി മുഖേന ക്രെഡിറ്റ് /ഡെബിറ്റ് ചെയ്ത് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| HEAD CODE | VOUCHER NO/DATE | HEAD DETAILS | DEBIT | CREDIT | REMARKs |
|---|---|---|---|---|---|
| 3111001 | J-MI01200-25000492/31.03.2025 | Poverty Alleviation Fund | 0 | 1474425 | Previous Year Adj |
| 3117001 | J-MI01200-25000501/31.03.2025 | Pension Fund For Contingent Staff | 0 | 93693 | OB Correction |
| 3201001 | J-MI01200-25000495/31.03.2025 | Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And | 0 | 211887 | Being The Previous Year Correction |

| | | | | | |
|---|---|---|---|---|---|
| | | Wellness Centres | | | |
| 3201004 | J-M101200-25000496/31.03.2025 | Central Finance Commission Grant - Tied | 0 | 967035 | Being The Previous Year Balance Amount Adjusted |
| 3201011 | J-M101200-25000499/31.03.2025 | Prime Minister S Awas Yojana (PMAY) - General | 0 | 560000 | OB Adjusment |
| 3201023 | J-M101200-25000493/31.03.2025 | Member Of Parliament Local And Development Scheme | 0 | 31325 | Previous Year Adj |
| 3201029 | J-M101200-25000498/31.03.2025 | Swaccha Bharat Mission - Solid Waste Management | 0 | 2799888 | OB Adjusment |
| 3208098 | J-M101200-25000475/31.03.2025 | Donations To Flood Relief | 0 | 1478 | OB Correction |
| 3503012 | J-M101200-25000379/31.03.2025 | Government And Other Dues Payable - Flood Cess Payable | 0 | 216 | Reverse JV |
| 3504001 | J-M101200-25000382/31.03.2025 | Refunds Payable - Property Tax | 1400 | 0 | Refund Adju |
| 4313004 | J-M101200-25000509/31.03.2025 | Receivable For License Fees (Arrears) | 880305 | 0 | OB Correction |
| 4315099 | J-M101200-25000508/31.03.2025 | Receivable Others | 720 | 0 | OB Adjusment |
| 4502101 | R-M101200-25017110/31.03.2025 | Bank - IB 323101000608 SBM AC(ICIC0003231-323101000608) | 0 | 3409716 | |
| | | Closing Balance | 0 | 8667238 | |

മേൽ പരാമർശിച്ചിട്ടുള്ള ജേണൽ എൻട്രികൾ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 42/24-25/24.01.2026) പ്രത്യേകം രേഖകൾ സൂക്ഷിക്കുന്നില്ല എന്ന മറുപടി ലഭ്യമാക്കി.

## 1-1-14 കെ സ്മാർട്ട് മുഖേനയുള്ള ഓഡിറ്റ് - സോഫ്റ്റ് വെയറിലെ പരിമിതികൾ

2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റർ ലോഗിൻ മുഖേന കെ-സ്മാർട്ട് പോർട്ടൽ ആക്സസ് ചെയ്യുകയും ആയതിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. കെ-സ്മാർട്ടിന്റെ പ്രവർത്തനത്തിൽ താഴെ പറയുന്ന പരിമിതികൾ ശ്രദ്ധയിൽപ്പെട്ടു.

1. 01.01.2024 മുതലുള്ള വരവ്-ചെലവുകൾ കെ-സ്മാർട്ടിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2024-25 വർഷത്തെ എ. സി. ആർ. കെ സ്മാർട്ടിൽ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല.
2. നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ എ. സി. ആർ പരിശോധിക്കുമ്പോൾ ഗ്രാന്റിനങ്ങളിലെ മുഴുവൻ വരവും ആയതിൽ വരുന്നില്ല. കെ സ്മാർട്ട് വഴി ഗ്രാന്റിനങ്ങളിലെ വരവ് പരിശോധിക്കാൻ ഓഡിറ്റർ ലോഗിനിൽ സംവിധാനം ഇല്ല.
3. ഓഡിറ്റിന്റെ ഭാഗമായി വിവിധ അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചപ്പോൾ അവയിലൊന്നും വിശദീകരണങ്ങൾ (Narration) രേഖപ്പെടുത്തിയതായി കാണുന്നില്ല. Cheque Deposited But Not Collected, Cheque Issued But Not Presented തുടങ്ങിയ ഇനങ്ങളിലെ ആകെ തുക രേഖപ്പെടുത്തിയതല്ലാതെ ചെക്ക് നമ്പർ, തിയ്യതി , തുക മുതലായവ രേഖപ്പെടുത്താൻ നിലവിൽ സംവിധാനമില്ല.
4. കെ സ്മാർട്ടിൽ നിന്ന് ലഭ്യമായ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ ഫയൽ നമ്പർ രേഖപ്പെടുത്തിയില്ല.
5. കെ സ്മാർട്ടിൽ നിന്ന് ലഭ്യമായ പേയ്മെന്റ് ലിസ്റ്റിൽ വൗച്ചർ നമ്പറിന്റെ കൂടെ തിയ്യതി രേഖപ്പെടുത്തിയില്ല.
6. കെ സ്മാർട്ടിൽ നിന്ന് ലഭ്യമായ ലൈസൻസ് ഫയലുകളിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പരിശോധിക്കാൻ സംവിധാനങ്ങളില്ല.
7. കെ സ്മാർട്ടിൽ നിന്ന് ലഭ്യമായ ലഡ്ജറുകളിൽ ജേർണൽ എൻട്രികളിൽ കൃത്യമായ വിശദീകരണങ്ങൾ രേഖപ്പെടുത്തുന്നില്ല.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസാക്കിയ തിയ്യതി. | 2024-25 ലെ ബജറ്റ് പുതുക്കിയ തിയ്യതി. |
|---|---|
| 14.02.2024 തിയ്യതിയിലെ തീരുമാനം നമ്പർ (1). | 13.02.2025 ലെ തീരുമാനം നമ്പർ (1). |

## 1-3 സാമ്പത്തിക വിശകലനം

| ഇനം. | 2024-25 സാമ്പത്തിക വർഷത്തെ തുക (₹). |
|---|---|
| മുന്നിരിപ്പ് | 73356953 |
| വരവ് | 204068087 |
| ആകെ | 277425040 |
| ചെലവ് | 181868216 |
| നീക്കിയിരിപ്പ് | 95556824 |

## 1-4 ഫണ്ട് വിനിയോഗം – എ.സി.ആർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 43461587 | 43461587 | 41602965 | 1858622 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6148000 | 6148000 | 5170350 | 977650 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 13734000 | 13734000 | 4744136 | 8989864 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 41898000 | 41898000 | 29005518 | 12892482 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 11304860 | 11304860 | 12130539 | -825679 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 7766509 | 7766509 | 16477187 | -8710678 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 408 | 308670066 | 176 | 130865158 | 0 | 232 | 43.13% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ. | 1646867 | 13417437 | 15064304 | 13153359 | 1910945 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | | | 7151683 | |

## 1-7 സാമൂഹ്യ ക്ഷേമ പദ്ധതികൾ.

തദ്വർഷം മുനിസിപ്പാലിറ്റി മുഖേന നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക (₹). |
|---|---|
| കർഷക തൊഴിലാളി പെൻഷൻ. | 2828800 |
| വിധവ പെൻഷൻ. | 39027700 |
| വാർദ്ധക്യകാല പെൻഷൻ. | 80015700 |
| വികലാംഗ പെൻഷൻ. | 15641800 |
| വിവാഹ ധനസഹായം. | 120000 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ. | 1033600 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.01.2026 ന് 3.45 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന 56,725/- രൂപയുടെ ആധികാരികത ഡേ ബുക്ക് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. മുനിസിപ്പൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.
3. പണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ/ നിർവ്വഹണോദ്യോഗസ്ഥർ കൂടുതൽ സൂക്ഷ്മതയും ജാഗ്രതയും പുലർത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ മേൽ പരിശോധന/ സൂപ്പർവിഷൻ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.
4. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ അതത് സെക്ഷനുകൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
5. പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നു.
6. അനധികൃത കെട്ടിടങ്ങളിന്മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുന്നു.
7.ഡി.പി.സി. അംഗീകാരം ലഭിച്ച മുഴുവൻ പ്രോജക്ടുകളും സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.
8.പ്രോജക്ട് മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ നേതൃപരമായ ഇടപെടൽ നടത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| എ.ജി ഓഡിറ്റ് | 28.12.2018 | 2013-14 മുതൽ 2017-18 വരെ | 08.02.2019 |

## 1-11 "ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും"- അവലോകനം.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17.07.2025 തീയതിയിലെ ഡി.കെ.എസ്.എ./208/ML3/2025 നമ്പർ കത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി തിരൂരങ്ങാടി നഗരസഭ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. നഗരസഭകളിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് രണ്ട് സ്കീമുകളിലായാണ് ഹെൽത്ത് ഗ്രാന്റ് തുക ലഭിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം.7/19.01.2026, 70 /28.1.2026 എന്നിവയ്ക്ക് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ മുനിസിപ്പാലിറ്റിക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ
(വർഷം, ഇനം തിരിച്ച് വാർഷിക കണക്ക് പ്രകാരം)

| വർഷം | സ്കീം -5 Health Grants Towards Support Of Diagnostic Infrastructure | സ്കീം - 6 Health Grants Towards To Urban Health And | ആകെ |
|---|---|---|---|

| | Primary Health Care Facilities In Urban PHCs | Wellness (UHWCS) | Centres |
|---|---|---|---|
| 2021-22 | NIL | NIL | NIL |
| 2022-23 | NIL | 1,33,00,000 | 1,33,00,000 |
| 2023-24 | 37,26,000 | 1,33,94,000 | 1,71,20,000 |
| 2024-25 | NIL | 3801000 | 38,01,000 |
| ആകെ | 37,26,000 | 3,04,95,000 | 3,42,21,000 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -5 | സ്കീം – 6 | ആകെ |
|---|---|---|---|
| 2021-22 | NIL | NIL | NIL |
| 2022-23 | NIL | NIL | NIL |
| 2023-24 | NIL | 2,01,40,382 (Include 10 Lakh Other Than Sulekha Ependiture) | 2,01,40,382 |
| 2024-25 | 22,20,240 | 26,46,944 | 48,67,184 |
| ആകെ | 22,20,240 | 2,27,87,326 | 2,50,07,566 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| സ്കീം 5 | സ്കീം 6 |
|---|---|
| 32,12,498 | 85,60,477 |

| വർഷം | സ്കീം 5 (ചെലവ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | സ്കീം 5 (ചെലവ് പ്രൊജക്ട് പ്രകാരം) | വ്യത്യാസം | 31.03.2025 ലെ നീക്കിയിരിപ്പ് (ബാങ്ക്) |
|---|---|---|---|---|
| 2024-25 | 6,63,330 | 22,20,240 | 15,56,910 | 32,12,498 |

| വർഷം | സ്കീം 6 (ചെലവ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | സ്കീം 6 (ചെലവ് പ്രൊജക്ട് പ്രകാരം) | വ്യത്യാസം | 31.03.2025 ലെ നീക്കിയിരിപ്പ് (ബാങ്ക്) |
|---|---|---|---|---|
| 2023-24 | 17,65,533 | 1,91,40,382 | 1,73,74,849 | |
| 2024-25 | 2,13,74,052 | 26,46,944 | 1,87,27,108 | 85,60,477 (ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 8143939) |

A) സ്കീം 5 ൽ 37,26,000/- രൂപ വരവ് വന്നതിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ചത് 6,63,330/- രൂപയും പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവ് 22,20,240/- രൂപയുമാണ്.

B) സ്കീം 6 ൽ 3,04,95,000/- രൂപ വരവ് വന്നതിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവഴിച്ചത് 2,31,39,585/- രൂപയും പ്രൊജക്ടുകൾ പ്രകാരം ചെലവഴിച്ചത് 2,17,87,326/- രൂപയുമാണ്. വ്യത്യാസമായ 13,52,259/- രൂപ അധികം ചെലവഴിച്ചതിനും പ്രസ്തുത തുക ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ 2024-25 സാമ്പത്തിക വർഷത്തിലെ ഹെൽത്ത് ഗ്രാന്റ് സ്കീം 6 ൽ നിന്നും ചെലവഴിക്കേണ്ട തുകയായ 6,63,330 രൂപ തെറ്റായി സ്കീം 5 ൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും സ്കീം 5ൽ നിന്ന് ചെലവഴിക്കേണ്ട 22,20,240/-രൂപയിൽ
12,20,240 /-രൂപ തെറ്റായി സ്കീം 6 ൽ നിന്നും 10,00,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

സ്കീം 5 പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 2024-25 | 470/25 യു.പി.എച്ച്.സി.യിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 10,00,000 |
| 2024-25 | 504/25 താലൂക്ക് ആസ്പത്രിയിലും സബ്സെന്ററുകളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 12,20,240 |
| | ആകെ | 22,20,240 |

സ്കീം6 പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 2023-24 | 303/24 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ | 23,04,151 |
| | 304 /24 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളിലെ ജീവനക്കാർക്ക് പ്രതിഫലം നല്കൽ | 43,53,000 |
| | 305/24 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളുടെ വാടകയും മറ്റ് ചെലവുകളും | 1,89,231 |
| | 307/24 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ | 23,00,000 |
| | 308/24 കാൻസർ കെയർ പ്രോജക്റ്റ് | 2,05,000 |
| | 309/24 നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആവർത്തന ചെലവുകൾ | 2,89,000 |
| | 310/24 പോളി ഡെന്റൽ ക്ലിനിക്ക് സ്ഥാപിക്കൽ | 45,00,000 |
| | 311/24 360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ | 25,00,000 |
| | 312/24 പോളി ഡെന്റൽ ക്ലിനിക്കിലേക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ | 10,00,000 |
| | 313/24 360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ | 10,00,000 |
| | 315/24 360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്ററിലേക്ക് ആവശ്യമായ മരാമത്ത് പ്രവർത്തികൾ | 5,00,000 |
| | ആകെ | 1,91,40,382 |
| 2024-25 | 467/25 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 2,97,353 |
| | 468/25 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്റർ പതിനാറുങ്കൽ സെന്റർ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 3,65,977 |
| | 471/25 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ | 2,66,304 |
| | 472/25 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളിലെ ജീവനക്കർക്ക് പ്രതിഫലം നല്കൽ | 2,92,050 |
| | 473/25 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളുടെ വാടകയും മറ്റ് ചെലവുകളും | 14,25,260 |
| | ആകെ | 26,46,944 |

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലെങ്കിലും അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആകെ 31,63,330 /-രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് അർബൻ ഹെൽത്ത്&വെൽനെസ്സ് സെന്ററുകളിലെ ജീവനക്കാർക്ക് വേതനം നല്കുന്നതിന് 2023-24 വർഷത്തിൽ 43,53,000 രൂപയും 2024-25 വർഷത്തിൽ 2,92,050 രൂപയും ചെലവഴിച്ചിട്ടുണ്ട്.

360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്ററിന് 40,00,000 /-രൂപ ലഭിച്ചതിൽ 2024-25 വർഷം 2810864/- രൂപ ചെലവഴിക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പോളി ഡെന്റൽ ക്ലിനിക്ക് സ്ഥാപിക്കുന്നതിന് 55,00,000/- രൂപ ലഭിച്ചതിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഹെൽത്ത് ഗ്രാന്റുപയോഗിച്ച് 25,70,455 രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

2021-22 വർഷം അനുവദിക്കപ്പെട്ട ഹെൽത്ത് ഗ്രാന്റ് 14.3.2024ലെ ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/5562/2024-DPLD4 നമ്പർ കത്ത് പ്രകാരം താഴെ പറയും പ്രകാരം National Health Mission ഡയറക്ടറുടെ അക്കൗണ്ടിലേക്ക് തുക തിരിച്ചടക്കേണ്ടി വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം.പേര് | ആകെ പ്രോജക്ട് തുക | തിരിച്ചടച്ച തുക | തിരിച്ചടവാക്കുന്ന അക്കൗണ്ട് |
|---|---|---|---|---|
| 1. | 304/24 അർബൻ ഹെൽത്ത് &വെൽനെസ്സ് സെന്ററുകളിലെ ജീവനക്കാർക്ക് പ്രതിഫലം നല്കൽ | 5488000 | 4353000 | ഡയറക്ടർ, NHM |
| 2. | 307/24 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ | 2400000 | 1654861 | ഡയറക്ടർ, NHM |
| 3 | 308/24 കാൻസർ കെയർ പ്രോജക്ട് | 205000 | 205000 | ഡയറക്ടർ, NHM |
| | ആകെ | | 62,12,861 | |

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് സമയബന്ധിതമായി പ്രോജക്ട് തയ്യാറാക്കേണ്ടതും സമയബന്ധിതമായി ഫണ്ട് ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുമ്പോൾ കൂടുതൽ സൂക്ഷ്മതയും കൃത്യതയും പുലർത്തേണ്ടതാണ്.

## 1-12 മുനിസിപ്പൽ പെൻഷൻ ഫണ്ട് – അവലോകനം.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.05.2024 തീയതിയിലെ ഡി.കെ.എസ്.എ./2078/എം.എൽ.3/2024 നമ്പർ കത്തിലെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി തിരൂരങ്ങാടി നഗരസഭയുടെ മുനിസിപ്പൽ പെൻഷൻ ഫണ്ട് സംബന്ധിച്ച ( സ്ഥാപനം ഹാജരാക്കിയ രേഖകളുടെയും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/16.01.2026) ലഭ്യമാക്കിയ മറുപടിയുടെയും അടിസ്ഥാനത്തിലുള്ള) വിവരങ്ങൾ താഴെ ചേർക്കുന്നു.

1). 2024-25 സാമ്പത്തിക വർഷം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ.

| ക്രമ നമ്പർ. | 2024-25 സാമ്പത്തിക വർഷം പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ പേരും തസ്തികയും. | | പെൻഷൻ/ ഫാമിലി പെൻഷനായി നൽകിയ തുക. | | DCRG ഇനത്തിൽ നൽകിയ തുക. | | പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിൽ നൽകിയ തുക. | | ആകെ തുക. | |
|---|---|---|---|---|---|---|---|---|---|---|
| | പേര് | വിരമിച്ചപ്പോഴത്തെ തസ്തിക. | തനത് ഫണ്ട്. | ജി.പി.ജി | തനത് ഫണ്ട്. | ജി.പി.ജി | തനത് ഫണ്ട്. | ജി.പി.ജി | തനത് ഫണ്ട്. | ജി.പി.ജി |
| 1 | ബഷീർ സി.പി | ഹെൽത്ത് സൂപ്പർവൈസർ | 421650 | | 0 | 0 | 0 | 0 | 421650 | |
| 2 | ഇസ്മയിൽ സി | സൂപ്രണ്ട് | 258395 | | 0 | 0 | 0 | 0 | 258395 | |
| ആകെ. | | | 680045 | | | | | | 680045 | |

2). 2021-22 മുതൽ 2024-25 വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിവരങ്ങളും, പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുവാൻ ഓരോ സാമ്പത്തിക വർഷവും ചെലവായ തുക സംബന്ധിച്ചുള്ള വിവരങ്ങളും.

സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക സംബന്ധിച്ചുള്ള വിവരങ്ങൾ.

| സാമ്പത്തിക വർഷം. | ആകെ ശമ്പളം. | പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം. | ഒടുക്കിയ തുക. |
|---|---|---|---|
| 2021-22 | 4481973 | 672296 | 672296 |
| 2022-23 | 4807300 | 721095 | 721095 |
| 2023-24 | 4114633 | 617195 | 617195 |

| | | | | |
|---|---|---|---|---|
| 2024-25 | 5682026 | 852304 | | 852304 |
| ആകെ. | 19085932 | 2862890 | | 2862890 |

പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ ഓരോ സാമ്പത്തിക വർഷങ്ങളിലും ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ.

| സാമ്പത്തിക വർഷം. | തനത് ഫണ്ട്. | ജനറൽ പർപ്പസ് ഫണ്ട്. |
|---|---|---|
| 2020-21 | 522967 | - |
| 2021-22 | 200024 | 100012 |
| 2022-23 | 74509 | 256027 |
| 2023-24 | 187190 | 271127 |
| 2024-25 | 239297 | 440748 |
| ആകെ. | 1223987 | 1067914 |
| ആകെ മൊത്തം | 2291901 | |

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ച തുകയുടെ വിവരം.

| ക്രമനമ്പർ. | അലോട്ട്മെന്റ് നമ്പർ & തീയതി. | ലഭിച്ച തുക. | അക്കൗണ്ടിൽ വരവ് വന്ന തീയതി. |
|---|---|---|---|
| 1 | P6-18226/16 Dt: 25.11.2021 Of Directer Of Urban Affairs. | 3,55,548/- രൂപ. | 29.11.2021 |
| ആകെ. | | 3,55,548/- രൂപ. | |

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡി.ഡി യായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും അനുവദനീയമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക നഗരകാര്യ ഡയറക്ടർ ഇതിൽ നിന്നും അതാത് നഗരസഭകളുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ്. എന്നാൽ തിരൂരങ്ങാടി നഗരസഭ പെൻഷൻ വിഹിതം മാസം തോറും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുകയും പ്രതിമാസം നൽകേണ്ട പെൻഷൻ, നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് യഥാസമയം വിതരണം ചെയ്യുകയുമാണ് ചെയ്തു വരുന്നത്.

3). പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യത്തിന് വേണ്ടി 9-ാം ചട്ടത്തിലെ (3) ഉം (4) ഉം ഉപ ചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. അത്തരത്തിൽ ഒരു പെൻഷൻ ഫണ്ട് നഗരസഭയിൽ ആരംഭിച്ചിട്ടില്ല.

കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ലോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ.ഡി.തീ.3.5.1997), പ്രകാരമുള്ള ഫുൾ ടൈം കണ്ടിൻജന്റ് എംപ്ലോയീസിന വേണ്ടി പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള പെൻഷൻ ഫണ്ടും നഗരസഭയിൽ ആരംഭിച്ചിട്ടില്ല.

4). രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

A). നഗരസഭയിൽ റഗുലർ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ, കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഡേറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ 3 പെൻഷനേഴ്സ് മാത്രമായതിനാലാണ് ഡേറ്റാ ബേസ് തയ്യാറാക്കാത്തതെന്ന് മറുപടി ലഭ്യമാക്കി.

B). പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്ന പെൻഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5). സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള നഗരസഭയിൽ നിന്നല്ലാതെ തിരൂരങ്ങാടി നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങുന്നതിന് ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ.

| ക്രമ നമ്പർ, പേരും തസ്തികയും: | | വിരമിച്ച നഗരസഭ | വിരമിച്ച തീയതി. |
|---|---|---|---|
| 1 | ബഷീർ.സി.പി., ഹെൽത്ത് സൂപ്പർവൈസർ | പുനലൂർ | 31.05.2019 |

6). കേരള ട്രഷറി കോഡ് വോള്യം I ചട്ടം 273 (എ, ബി) പ്രകാരമുള്ള രജിസ്റ്ററുകൾ, ചട്ടം 280 (എ) പ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. ചട്ടം 287, 288 പ്രകാരമുള്ള വാർഷിക മസ്റ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

7). പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, ചട്ടം 11(4) പ്രകാരം പെൻഷൻ ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ട്രഷറികളിൽ അതാത് സമയം പ്രാബല്യത്തിലുള്ള രജിസ്റ്ററുകളും ഫോറങ്ങളും (പെൻഷൻ രജിസ്റ്റർ, പെൻഷൻ പേയ്മെന്റ് ഓർഡർ രജിസ്റ്റർ, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ, അലോട്ട്മെന്റ് രജിസ്റ്റർ) എന്നിവയിൽ ഒരു രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. .

8). നഗരസഭയിൽ നിന്നും പെൻഷൻ വിതരണം ചെയ്യപ്പെടുന്ന എല്ലാ പെൻഷൻകാരുടേയും പെൻഷൻ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

മുനിസിപ്പൽ പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ട് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതും ആയതിന്റെ വാർഷിക അക്കൗണ്ട് തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-13 വാർത്താ വിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി കുടിശ്ശിക

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ടെലഫോൺ ടവറുകളുടെ വസ്തു നികുതി ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ കെ-സ്മാർട്ടിൽ പരിശോധിച്ചതിൽ ചുവടെ പട്ടികയിൽ ചേർത്ത ടെലഫോൺ ടവറുകളുടെ വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശികയുള്ളതായി കണ്ടു.

| ക്രമ നം | കെട്ടിട നമ്പർ(2013) | ടവർ കമ്പനി പേര് | വസ്തുനികുതി കുടിശ്ശിക+ പിഴ തുക (2024-25 വരെ) | നികുതി ഒടുക്കാത്ത കാലയളവ് |
|---|---|---|---|---|
| 1 | 12/183 A | റിലയൻസ് ജിയോ ഇൻഫോ കോം ലി. | 19,009 രൂപ | 2022-23 മുതൽ 2024-25 വരെ |
| 2 | 14/719 N | റിലയൻസ് ഇൻഫ്രാടെൽ ലി. | 106964 രൂപ | 2013-14 മുതൽ 2024-25 വരെ |
| 3 | 15/234A | ഇൻഡസ് ടവേഴ്സ് പ്രൈ.ലി. | 193338 രൂപ | 2022-23 മുതൽ 2024-25 വരെ |
| 4 | 38/344 | റിലയൻസ് ഇൻഫ്രാടെൽ ലി. | 105440 രൂപ | 2013-14 മുതൽ 2024-25 വരെ |
| ആകെ കുടിശ്ശിക | | | 424751 | |

മേൽ ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക അടക്കം ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് രജിസ്റ്റേർഡ് തപാലിൽ നൽകിയിട്ടുണ്ടെന്നും എന്നാൽ റിലയൻസ് ഉടമസ്ഥതയിലുള്ള എല്ലാ ടവറുകളുടെയും (ക്രമ നം. 1,2,4) അഡ്രസ്സ് കണ്ടെത്താനാവാതെ നോട്ടീസ് മടങ്ങി വന്നെന്നും ഇൻഡസ് ടവേഴ്സ് പ്രൈ.ലി. (15/234A) ന്റെ നികുതി ഈടാക്കാൻ അബദ്ധവശാൽ വിട്ട് പോയതാണെന്നും ആയത് 2025-26 വർഷത്തെ നികുതിയുടെ കൂടെ ഒടുക്കുമെന്ന് ഉടമകൾ അറിയിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/24-25/21.01.2026) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കി. റിലയൻസ് ഉടമസ്ഥതയിലുള്ള എല്ലാ ടവറുകളുടെയും അഡ്രസ്സ് കണ്ടെത്തി, റീജ്യണൽ ഓഫീസുകളിൽ നിന്ന് വിവരം ശേഖരിച്ച് , ആവശ്യമെങ്കിൽ നിയമ നടപടി സ്വീകരിച്ച് അവയുടെയും ഇൻഡസ് ടവേഴ്സ് പ്രൈ.ലി. ന്റെയും നികുതി കുടിശ്ശിക അടക്കം കാലഹരണപ്പെടാതെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സം ചെയ്യുന്നു

നഗരസഭയുടെ 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് സംബന്ധിച്ച ചെലവ് രേഖകൾ (വൗച്ചറുകൾ/ ഫയലുകൾ/ അനുബന്ധ രേഖകൾ എന്നിവ) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ രേഖകൾ കെ-സ്മാർട്ടിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക | റിമാർക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | നഗരസഭാ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ പ്രോജക്ട് നമ്പർ-247/25 ഫണ്ട്- പ്ലാൻ | 1604000 | സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ 2 പ്രോജക്ടുകളാണ് അംഗീകരിച്ചിട്ടുള്ളത്. പ്രോജക്ട്-247/25 (സ്പിൽഓവർ), 134/25 (പുതിയ പ്രോജക്ട്) എന്നിവ. 247/25 നമ്പർ പ്രോജക്ടിൽ 1604000 രൂപ പ്ലാൻ ഫണ്ടും 345258 രൂപ തനത് ഫണ്ടുമായിരുന്നു വകയിരുത്തിയത്. 134/25 എന്ന പ്രോജക്ടിൽ 654742 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 134/25 എന്ന പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ പരിശോധിച്ചതിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനുള്ള കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളത് 10 ലക്ഷം രൂപയുടേതായിരുന്നു. 134/25 പ്രോജക്ടിൽ ആകെ വകയിരുത്തിയത് 654742 രൂപയാണ്. ആയതിനാൽ 345258 രൂപ മേൽ 247/25 എന്ന സ്പിൽഓവർ പ്രോജക്ടിൽ വകയിരുത്തിയിരുന്ന തനത് ഫണ്ട് വിഹിതം കൂടി ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.ക്ക് നൽകുകയാണ് ചെയ്തത് (654742+ 345258= 10 ലക്ഷം). ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖയിൽ ചെലവായി ബുക്ക് ചെയ്തിട്ടുള്ള 1604000 (പ്ലാൻ) രൂപയുടെ ചെലവ് വിവരം/ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 2 | നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പ്രോജക്ട് നമ്പർ-17/25 ഫണ്ട്- പ്ലാൻ | 332439 | ചെലവ് സംബന്ധിച്ച ഒരു രേഖയും ഹാജരാക്കിയില്ല. കെ-സ്മാർട്ടിൽ വിവരം അപ്‌ലോഡ് ചെയ്തിട്ടുമില്ല. |
| 3 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് പ്രോജക്ട് നമ്പർ-172/25 അടങ്കൽ-22 ലക്ഷം | 509616 | ചെലവ് സംബന്ധിച്ച ഒരു രേഖയും ഹാജരാക്കിയില്ല. കെ-സ്മാർട്ടിൽ വിവരം അപ്‌ലോഡ് ചെയ്തിട്ടുമില്ല. |
| | ആകെ | 24,46,055 | |

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങൾ, ചട്ടം-12(2) പ്രകാരം രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട രേഖയോ കണക്കോ നിലവിലില്ലാ എന്ന നിഗമനത്തിൽ തുടർ നടപടി സ്വീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ കെ-സ്മാർട്ടിൽ വിവരം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഫയൽനമ്പർ ലഭ്യമാക്കുകയോ ചെയ്യാൻ ഓഡിറ്റ് എൻക്വയറിയിലൂടെ (ഓഡിറ്റ് എൻക്വയറി നമ്പർ- 57/2024-25/27.1.2026) രേഖാമൂലം ആവശ്യപ്പെട്ടിട്ടും രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 24,46,055 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-15 പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും തൊഴിൽ നികുതി ഈടാക്കുന്നതിന് അർദ്ധവാർഷിക വരുമാനം അടിസ്ഥാനമാക്കിയുള്ള നിരക്കുകൾ 2024-25 രണ്ടാം അർദ്ധവാർഷം ആരംഭിക്കുന്ന 01.10.2024 പ്രാബല്യത്തിൽ

സ.ഉ.(സാധാ) നം. 1149/2024/LSGD, തീയതി. 27.06.2024 പ്രകാരം പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | അർദ്ധ വാർഷിക വരുമാന പരിധി | നിലവിലെ നിരക്ക് (₹) | പുതുക്കിയ നിരക്ക് (₹) |
|---|---|---|---|
| 1 | ₹11,999 വരെ | Nil | Nil |
| 2 | ₹12,000 മുതൽ ₹17,999 വരെ | 120 | 320 |
| 3 | ₹18,000 മുതൽ ₹29,999 വരെ | 180 | 450 |
| 4 | ₹30,000 മുതൽ ₹44,999 വരെ | 300 | 600 |
| 5 | ₹45,000 മുതൽ ₹99,999 വരെ | 450/600/750 | 750 |
| 6 | ₹1,00,000 മുതൽ ₹1,24,999 വരെ | 1,000 | 1,000 |
| 7 | ₹1,25,000 മുതൽ | 1,250 | 1,250 |

നഗരസഭാ പരിധിയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവാർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളും സ്ഥാപന മേധാവികൾ ലഭ്യമാക്കിയ തൊഴിൽ നികുതി പത്രികകളും പരിശോധിച്ചതിൽ, പുതുക്കിയ നിരക്ക് അടിസ്ഥാനമാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിനാൽ തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമായി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഹോട്ടൽ സാഗര ചെമ്മാട് |
| 2 | സീനത്തിസ് ലെതർ പ്ലാന്റ് ചെമ്മാട് |
| 3 | താജ് ഡയഗ്നോസ്റ്റിക് സെന്റർ ചെമ്മാട് |
| 4 | CH മുഹമ്മദ് & സൺസ് AIP ട്രസ്റ്റ്, തിരൂരങ്ങാടി |

കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/2024-25/19.01.2026) മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-16 മരുന്നുകൾ സ്റ്റോക്കിലെടുത്തതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (35/25) |
| അടങ്കൽ | 700000/- മെയിന്റനൻസ് ഫണ്ട് (NR) |
| ചെലവ് | 700000/- |
| BRN നമ്പർ | 24150647004800728700/01.10.2024 – 200000<br>24150647004800941417/25.11.2024 – 500000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

മേൽ പ്രോജക്ട് പ്രകാരം ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങിയതിൽ 'പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി'യുടെ ഇൻവോയിസ് നമ്പർ 193/15.10.2024 പ്രകാരം 'കർപ്പൂരാദി തൈലം (450 മി.ലി)' എന്ന മരുന്ന് 86 എണ്ണം മാത്രമാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ടി മരുന്ന് സ്റ്റോക്ക് രജിസ്റ്റർ വോള്യം VI പേജ് നം. 132 പ്രകാരം 194 എണ്ണം സ്റ്റോക്കിലെടുത്തതായും നീക്കിയിരിപ്പായി 136 എണ്ണമുള്ളതായുമാണ് കാണുന്നത്. യഥാർത്ഥത്തിൽ 28 എണ്ണം മാത്രമാണ് നീക്കിയിരിപ്പായി ഉണ്ടാവേണ്ടിയിരുന്നത്.

കൂടാതെ, 'ഔഷധി'യുടെ ഇൻവോയിസ് നമ്പർ 90371443/29.01.2025 പ്രകാരം 'ഇളനീർ കുഴമ്പ് (10 GM)' എന്ന മരുന്ന് 30 എണ്ണം മാത്രമാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ടി മരുന്ന് സ്റ്റോക്ക് രജിസ്റ്റർ വോള്യം VI പേജ് നം. 168 പ്രകാരം 40 എണ്ണം സ്റ്റോക്കിലെടുത്തതായും 40 എണ്ണവും വിതരണം ചെയ്തതായുമാണ് കാണുന്നത്. ലഭ്യമായതിൽ കൂടുതൽ മരുന്നുകൾ വിതരണം ചെയ്തതിലെ പൊരുത്തക്കേടിന് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/2024-25/20.01.2026) അശ്രദ്ധ മൂലം സംഭവിച്ച തെറ്റാണെന്നും സ്റ്റോക്ക് രജിസ്റ്ററിൽ തെറ്റുകൾ തിരുത്തുന്നതിന് അവസരം നൽകണമെന്നും ഇത്തരത്തിലുള്ള തെറ്റുകൾ ആവർത്തിക്കില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

മുനിസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല എന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 311 ൽ വ്യക്തമാക്കിയതാണ്. രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 310 പ്രകാരം നിർവചിച്ചിട്ടുണ്ട്. ഇതനുസരിച്ച് ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ക്ലിനിക്കൽ ലാബറട്ടറി, എക്സ്റേ യൂനിറ്റ്, രക്ത ബാങ്ക്, സ്കാനിംഗ് സെന്റർ, നഴ്സിംഗ് സ്കൂൾ, അതത് വിഷയങ്ങളെ സംബന്ധിച്ച പരിശീലന കേന്ദ്രങ്ങൾ എന്നിവ നഗരസഭയിൽ നിന്ന് രജിസ്ട്രേഷൻ നേടേണ്ടതുണ്ട്.

2024-25 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റിപ്പോർട്ട്, നഗരസഭാ IFTE&OS ലൈസൻസ് റിപ്പോർട്ട് എന്നിവയുടെ 7,30,32 വാർഡുകളിലെ മൊഡ്യൂളുകൾ K-Smart ൽ പരിശോധിച്ചതിൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് നഗരസഭ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ്/ഡോ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് |
|---|---|---|---|
| 1 | 7/377 | Dr. Sathar's Dental & Poly Clinic | അബ്ദുൾ സത്താർ |
| 2 | 7/504, 505 | Imran's Eye Hospital | അബ്ദുൾ ലത്തീഫ് |
| 3 | 7/597,599 | Koya's Clinic | ഡോ. അഹമ്മദ് കോയ |
| 4 | 30/55 | Al Khair Dental Clinic | സലീൽ.കെ.സി. |
| 5 | 30/334 | Shifa Homoeo Clinic | അസ്മാബീ |

മേൽ പറഞ്ഞ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം പ്രസ്തുത സ്ഥാപനങ്ങൾ ചട്ട പ്രകാരം രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/2024-25/20.01.2026) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്. മറ്റ് വാർഡുകളിൽ ഇപ്രകാരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും അപ്രകാരം ഉണ്ടെങ്കിൽ ആവശ്യമായ തുടർനടപടി ഉണ്ടാകേണ്ടതും വിവരം അറിയിക്കേണ്ടതും ആണ്.

## 1-18 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 245, 2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

1. നഗരസഭയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ്സ് അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകളും തൊഴിൽ നികുതി പത്രികകളും പരിശോധിച്ചതിൽ നൂറുൽ ഹുദാ യു.പി.സ്കൂൾ, *AWH Special School For Mentally Challenged* എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 2024-25 വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

2. നഗരസഭക്ക് കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് അർബൻ വെൽനെസ് സെന്ററുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

3. തിരൂരങ്ങാടി പബ്ലിക് ലൈബ്രറിയിലെ ലൈബ്രേറിയനായ ശ്രീ. കൃഷ്ണൻ കുട്ടി.കെ എന്നയാളിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതും ഈടാക്കിയിട്ടില്ലെങ്കിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/2024-25/22.01.2026) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1 ലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും ക്രമ നം.2, 3 സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അടവാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-19 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ, ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2015 – 2016 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികകൾ (AFS) നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിനൊപ്പം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഓഡിറ്റ് കൂടി നടത്തേണ്ടതുള്ളതിനാൽ പ്രസ്തുത വർഷങ്ങളിലെ AFS മാനേജിംഗ് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് ലഭ്യമാക്കാനും പ്രസ്തുത വർഷങ്ങളിലെ വരവ് ചെലവുകൾക്ക് ആധാരമായ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.8/19.1.2026) ക്ക് ലഭ്യമാക്കിയ മറുപടിയിൽ എത്രയും പെട്ടെന്ന് വാർഷിക ധനകാര്യ പത്രികകളും വൗച്ചറുകളും ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

2015-16 മുതൽ 2024-25 വരെയുള്ള വാർഷിക കണക്കുകൾ കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചില്ല- പിഴ ഈടാക്കിയില്ല.

കേരള PWD മാനുൽ പ്രകാരം കരാറുകാരന് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി, കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാനുലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

കേരള പൊതു മരാമത്ത് മാനുലിൽ - സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ആദ്യ തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും രണ്ടാം തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും ഗ്രേസ് പീരീഡായി അനുവദിക്കാവുന്നതുമാണ്. ഇങ്ങനെ അനുവദിക്കുന്നത് പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതല്ല. പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 തസ്വഭവ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകുന്ന ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ്. | പിഴ. |
|---|---|
| ആദ്യ വർദ്ധന (First Extension ). | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന (Beyond First Extension). | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2024-25 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ / നിയമപരമായ കാരണം കൊണ്ടല്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും, പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ. | പ്രവൃത്തി. | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്. | പൂർത്തീകരണ കാലാവധി. | പൂർത്തീകരിച്ചത്. | ഈടാക്കേണ്ട പിഴ. |
|---|---|---|---|---|---|
| 1 | 335/25 - സ്കൂൾ റോഡ് റീ ടാറിംഗ്. | 19.03.24 | 18.09.2024 വരെ | 21.01.2025 | 19.09.2024 മുതൽ |

| | | | | |
|---|---|---|---|---|
| | അടങ്കൽ തുക 3,00,000/-<br>ഫണ്ട് - Maintanance Road<br>കരാറുകാരൻ - ശ്രീ കോയക്കുട്ടി.പി<br>ലൈസൻസ് ഐഡി - 117041/2023<br>കരാർ - 51/23-24 Dated 15.03.2024<br>PAC : 2,66,711<br>ചെലവ് തുക : 300000/-<br>വൗച്ചർ നമ്പർ / തീയതി -24000716/05.03.2025 (300000/-)<br>Duration 6 Month (As Per TS Slip )<br>18.09.2024 ന് പൂർത്തീകരണ കാലാവധി 4 മാസം ദീർഘിപ്പിക്കുന്നതിനായി Supplimentary Agreement വെച്ചിട്ടുണ്ടെങ്കിലും ആയതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. | | | 21.01.2025 വരെ<br>4682.26~4682<br>1).19.09.2024 To 18.12.2024<br>(266711*1% = 2667.11)<br>2).19.12.2024 To 21.01.2025<br>(266711*2%*34/90= 2015.15) |
| 2 | 365/25 - കൈതന്നൂഴ 19.03.24 റോഡ് റീ ടാറിംഗ്.<br>അടങ്കൽ തുക 3,00,000/-<br>ഫണ്ട് - Maintanance Road.<br>കരാറുകാരൻ - ശ്രീ കോയക്കുട്ടി.പി<br>ലൈസൻസ് ഐഡി - 117051/2023<br>കരാർ - 52/23-24 Dated 15.03.2024<br>PAC : 2,65,661<br>ചെലവ് തുക : 300000/-<br>വൗച്ചർ നമ്പർ - 24000618/11.03.2025 (300000/-)<br>Duration 6 Month (As | 18.09.2024 വരെ | 22.01.2025 | 19.09.2024 മുതൽ 22.01.2025 വരെ<br>4722.86~4723<br>1) 19.09.2024 To 18.12.2024<br>(265661*1%= 2656.61)<br>2)19.12.2024 To 22.01.2025<br>(265661*2%*35/90= 2066.25) |

| | | | | | |
|---|---|---|---|---|---|
| | Per TS Slip )<br>16.09.2024 ന് പൂർത്തീകരണ കാലാവധി 4 മാസം ദീർഘിപ്പിക്കുന്നതിനായി Supplimentary Agreement വെച്ചിട്ടുണ്ടെങ്കിലും ആയതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. | | | | |
| 3 | 277/25 - ചെമ്പനിൽ താഴം റോഡ് റീ ടാറിംഗ്.<br>അടങ്കൽ തുക 3,50,000/-<br>ഫണ്ട് - Maintanance Road.<br>കരാറുകാരൻ - ശ്രീ കോയക്കുട്ടി.പി<br>ലൈസൻസ് നമ്പർ - 119648/2023<br>കരാർ - 53/23-24 Dated 15.03.2024<br>PAC : 3,21,848<br>ചെലവ് തുക : 187100/-<br>വൗച്ചർ നമ്പർ - 24000650/05.03.2025 (187100/-)<br>Duration 6 Month (As Per TS Slip )<br>16.09.2024 ന് പൂർത്തീകരണ കാലാവധി 4 മാസം ദീർഘിപ്പിക്കുന്നതിനായി Supplimentary Agreement വെച്ചിട്ടുണ്ടെങ്കിലും ആയതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. | 19.03.24 | 18.09.2024 വരെ | 05.2.2025 | 19.09.2024 മുതൽ 05.02.2025 വരെ<br>6723.04~6723<br>1).19.09.2024 To 18.12.2024<br>(321848*1%= 3218.48)<br>2)19.12.2024 To 05.02.2025<br>(321848*2%*49/90= 3504.57) |
| 4 | 336/25 - പുതി പുന്ന് പുന്ന് ചെമ്പക്കാട്ട് റോഡ് റീ ടാറിംഗ്.<br>അടങ്കൽ തുക 2,00,000/-<br>ഫണ്ട് - Maintanance | 07.07.2024 | 06.01.2025 വരെ | 17.2.2025 | 07.01.2025 മുതൽ 17.02.2025 വരെ<br>790.65~791<br>(169425*1%*42/90= 790.65) |

| | | | | | |
|---|---|---|---|---|---|
| | Road.<br>കരാറുകാരൻ - ശ്രീ കോയക്കുട്ടി.പി<br>പ്രൈസ് ഐഡി - 42785/2022<br>കരാർ - 01/2024-25/ AE/LID&EW/TGI/Dated 27.06.2024<br>PAC : 1,69,425<br>ചെലവ് തുക : 191695/-<br>വൗച്ചർ നമ്പർ -<br>24000793/05.03.2025 (191695/-)<br>Duration 6 Month (As Per TS Slip )<br>26.12.2024 ന് പൂർത്തീകരണ കാലാവധി 1 മാസം ദീർഘിപ്പിക്കുന്നതിനായി Supplimentary Agreement വെച്ചിട്ടുണ്ടെങ്കിലും ആയതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. | | | | |
| 5 | 304/25 – കല്ലുപറമ്പൻ റോഡ് ജനതാബസാർ മുതൽ 500 മീറ്റർ റോഡ് റീ ടാറിംഗ്.<br>അടങ്കൽ തുക 6,50,000/-<br>ഫണ്ട് - Maintanance Road.<br>കരാറുകാരൻ - ശ്രീ കോയക്കുട്ടി.പി<br>പ്രൈസ് ഐഡി - 105767/2023<br>കരാർ - 21/2024-25/ AE/LID&EW/TGI/Dated 19.07.2024<br>PAC : 5,85,426<br>ചെലവ് തുക : 6,50,000/-<br>വൗച്ചർ നമ്പർ -<br>24000548/21.03.2025 (6,50,000/-) | 29.07.2024 | 28.01.2025 വരെ | 04.03.2025 | 29.01.2025 മുതൽ 04.03.2025 വരെ<br>2276.65~2277<br>(585426*1%*35/90=2276.65) |

| | | | | | |
|---|---|---|---|---|---|
| | Duration 6 Month (As Per TS Slip )<br>18.01.2025ന് പൂർത്തീകരണ കാലാവധി 3 മാസം ദീർഘിപ്പിക്കുന്നതിനായി Supplimentary Agreement വെച്ചിട്ടുണ്ടെങ്കിലും ആയതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. | | | | |
| 6 | 301/25 – വെസ്റ്റ് നമ്പർ 98 അംഗൻവാടി മെയിന്റനൻസ് – ഫ്ലോറിംഗ് 22.<br>അടങ്കൽ തുക 2,00,000/-<br>ഫണ്ട് – തനത്ഫണ്ട്<br>കരാറുകാരൻ – ശ്രീ.കെ.മൈഹബൂബ്<br>ലൈസൻസ് ഐഡി – 110210/2022<br>കരാർ – 30/2023-24/ AE/LID&EW/TGI/Dated 12.01.2024<br>PAC : 1,86,408<br>ചെലവ് തുക : 1,51,267/-<br>വൗച്ചർ നമ്പർ – 24000823/31.03.2025 (1,51,267/-)<br>Duration 6 Month (As Per TS Slip). | 22.01.2024 | 21.07.2024 വരെ | 18.03.2025 | 22.07.2024 മുതൽ 18.03.2025 വരെ<br>5831.98~5832<br>1)22.07.2024 To 21.10.2024<br>(186408*1%= 1864.08)<br>2)22.10.2024 To 21.01.2025<br>(186408*2%= 3728.16)<br>3)22.01.2025 To 18.03.2025<br>(186408*2%*56/90 =2319.74) |
| 7 | 289/25 – ജി.എൽ.പി.എസ്.എസ് തിരുത്തോടി കോമ്പൗണ്ട് വാൾ.<br>അടങ്കൽ തുക 4,00,000/-<br>ഫണ്ട് – തനത് ഫണ്ട്<br>കരാറുകാരൻ – ശ്രീ.കെ.മൈഹബൂബ്<br>ലൈസൻസ് ഐഡി – 9194/2023<br>കരാർ – 42/2023-24/ AE/LID&EW/TGI/Dated | 08.03.2024 | 07.09.2024 വരെ | 27.01.2025 | 08.09.2024 മുതൽ 27.01.2025 വരെ<br>7911.47~7911<br>1)08.09.2024 To 07.12.2024<br>(370850*1%= 3708.50)<br>2)08.12.2024 To 27.01.2025<br>(370850*2%*51/90= 4202.97) |

| | | | | | |
|---|---|---|---|---|---|
| | 24.02.2024<br>PAC : 370850/-<br>ചെലവ് തുക : 325822/-<br>വൗച്ചർ നമ്പർ -<br>24000749/28-03-2025 (3,25,822/-)<br>Duration 6 Month (As Per TS Slip)<br>27.02.2024 ന് പൂർത്തീകരണ കാലാവധി 26.01.2025 വരെ ദീർഘിപ്പിക്കുന്നതിനായി Supplimentary Agreement വെച്ചിട്ടുണ്ടെങ്കിലും ആയതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. | | | | |
| 8 | 286/25 – കറ്റാളൂർ പതി റോഡ് സൈഡ് പ്രൊട്ടക്ഷൻ.<br>അടങ്കൽ തുക - 2,50,000/-<br>ഫണ്ട് - തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ.കെ.മൈഹറൂസ്<br>ലൈസൻസ് ഐഡി - 85332/2022<br>കരാർ - 41/2023-24/ AE/LID&EW/TGI/Dated 31.01.2023<br>PAC : 232644/-<br>ചെലവ് തുക : 209212/-<br>വൗച്ചർ നമ്പർ -<br>24000822/31.03.2025 (209212/-)<br>Duration 6 Month (As Per TS Slip )<br>27.03.2025ന് Supplimentary Agreement - For Extention Of Time Up To 18.03.2025, Above 50% Of Time Extended. | 10.02.2023 | 09.08.2023 വരെ | 18.03.2025 | 10.08.2023 മുതൽ 18.03.2025 വരെ<br>27525.18~27525<br>1)10.08.2023 To 09.11.2023 (232644*1%= 2326.44)<br>2)10.11.2023 To 09.02.2024 (232644*2%= 4652.88)<br>3) 10.02.2024 To 09.05.2024 (232644*2%= 4652.88)<br>4) 10.05.2024 To 09.08.2024 (232644*2%= 4652.88)<br>5)10.08.2024 To 09.11.2024 (232644*2%= 4652.88)<br>6)10.11.2024 To 09.02.2025 (232644*2%= 4652.88)<br>7)10.02.2025 To 18.03.2025 (232644*2%*37/89= 1934.34) |

| | | | | | |
|---|---|---|---|---|---|
| 9 | 297/25 – കൈപ്പുറത്ത് റോഡ് ഇന്റർലോക്ക്.<br>അടങ്കൽ തുക 4,50,000/-<br>ഫണ്ട് - Development Fund CFC<br>കരാറുകാരൻ - ശ്രീ.കെ.മൈനുദ്ദീൻ<br>ലൈസൻസ് ഐഡി - 112478/2023<br>കരാർ - 33/23-24 Dated 06.02.2024<br>PAC : 362832<br>പെയ്ഡ് തുക : 396189/-<br>വൗച്ചർ നമ്പർ 24000711/23.03.2025 (396189/-)<br>Duration 6 Month (As Per TS Slip )<br>16.09.2024 ന് Supplimentary Agreement - For Extention Of Time For 4 Months No Reason Specified No Board Decision. | 16.02.2024 | 15.08.2024 വരെ | 19.12.2024 | 16.08.2024 മുതൽ 19.12.2024 വരെ<br>6310.12 ~ 6310<br>1)16.08.2024 To 15.11.2024<br>(362832*1%= 3628.32)<br>2)16.11.24 To 19.12.24<br>(362832*2%*34/92= 2681.80) |
| 10 | 265/25 – വി.കെ. നിലാവുള്ളി പട്ട്യാരത്ത് കോൺക്രീറ്റിംഗ്.<br>അടങ്കൽ തുക 1,60,000/-<br>ഫണ്ട് - Development Fund CFC<br>കരാറുകാരൻ - ശ്രീ.കെ.മൈനുദ്ദീൻ<br>ലൈസൻസ് ഐഡി - 101156/2022<br>കരാർ -30/2023-24/ AE/LID&EW/TGI/Dated 12.01.2023<br>PAC : 148992<br>പെയ്ഡ് തുക : 145121/-<br>വൗച്ചർ നമ്പർ –<br>24000710/23.03.2025 (145121/-)<br>Duration 6 Month (As | 22.01.2024 | 21.07.2024 വരെ | 13.09.2024 | 22.07.24 മുതൽ 13.09.24 വരെ<br>874.51 ~ 875<br>(148992*1%*54/92= 874.51) |

| | | | | | | |
|---|---|---|---|---|---|---|
| | Per TS Slip).<br>376/25 - കനാൽ റോഡ് റിനോവേഷൻ.<br>അടങ്കൽ തുക 2,00,000/-<br>ഫണ്ട് - Development Fund CFC<br>കരാറുകാരൻ - ശ്രീ.കെ.സൈഹദ്ദൂസ്<br>ലൈസൻസ് ഐഡി - 134144/2023<br>കരാർ -13/2024-25/ AE/LID&EW/TGI/Dated 17.07.2024<br>PAC : 185147<br>ചെലവ് തുക : 200000/-<br>വൗച്ചർ നമ്പർ - 24000755/31.03.2025 (200000/-)<br>Duration 6 Month (As Per TS Slip)<br>16.01.2025 ന് Supplimentary Agreement - For Extention Of Time Up To 31.03.2025, Extended. | | | | | |
| 11 | | 27.07.2024 | 26.01.2025 വരെ | 17.03.2025 | 27.01.25 മുതൽ 17.03.25 വരെ<br>1028.59~1029<br>27.01.25 To 17.03.25<br>(185147*1%*50/90= 1028.59) | |
| 12 | 292/25 - രണ്ടാം കനാൽ റോഡ് കോൺക്രീറ്റിംഗ്.<br>അടങ്കൽ തുക 4,40,000/-<br>ഫണ്ട് - Development Fund CFC<br>കരാറുകാരൻ - ശ്രീ.കെ.സൈഹദ്ദൂസ്<br>ലൈസൻസ് ഐഡി - 111072/2023<br>കരാർ -34/23-24/AE/ LID&EW/TGI/Dated 06.02.2024<br>PAC : 270705<br>ചെലവ് തുക : 319432/-<br>വൗച്ചർ നമ്പർ - 24000780/31.03.2025 (319432/-) | 16.02.2024 | 15.08.2024 വരെ | 19.12.2024 | 16.08.2024 മുതൽ 19.12.2024 വരെ<br>4707.91~ 4708<br>1)16.08.2024 To 15.11.24<br>(270705*1%= 2707.05)<br>2)16.11.2024 To 19.12.2024<br>(270705*2%*34/92= 2000.86) | |

| | | | | | |
|---|---|---|---|---|---|
| | Duration 6 Month (As Per TS Slip).<br>17.12.2024ന് Supplimentary Agreement - For Extention Of Time Up To 19.12.2024, Extended. | | | | |
| 13 | 270/25 - കക്കറോത്ത് പാറ ഭാഗ് പാലത്തിന് കൈവരി നിർമ്മാണം.<br>അടങ്കൽ തുക 2,50,000/-<br>ഫണ്ട് - തനത് ഫണ്ട്<br>കരാറുകാരൻ - ശ്രീ.കെ.കെ.മൈനറുദ്ദീന്<br>ലൈസൻസ് നമ്പർ - 14048/2024<br>കരാർ -18/2024-25/AE/LID&EW/TGI/Dated 17.07.2024<br>PAC : 231891<br>ചെലവ് തുക : 209319/-<br>വൗച്ചർ നമ്പർ നമ്പർ -<br>24000782/30.03.2025 (209319/-)<br>Duration 6 Month (As Per TS Slip )<br>17.01.2025ന് Supplimentary Agreement - For Extention Of Time Up To 20.03.2025, Extended. | 27.07.2024 | 26.01.2025 വരെ | 21.03.2025 | 27.01.2025മുതൽ 21.03.25 വരെ<br>1391.34 ~ 1391<br>(231891*1%*54/90= 1391.34) |
| 14 | 359/25 - ചെറിയമ്പത്ത് കനാൽ കടവ് റോഡ് കോൺക്രീറ്റിംഗ്.<br>അടങ്കൽ തുക 3,00,000/-<br>ഫണ്ട് - Development Fund CFC<br>കരാറുകാരൻ - ശ്രീ.കെ.കെ.മൈനറുദ്ദീന്<br>ലൈസൻസ് നമ്പർ - 131584/2023<br>കരാർ -17/2024-25/AE/LID&EW/TGI/Dated 17.07.2024 | 27.07.2024 | 26.01.2025 വരെ | 13.03.2025 | 27.01.25 മുതൽ 13.03.25 വരെ<br>1420.63~ 1421<br>(277950*1%*46/90= 1420.63) |

PAC : 277950

ചെലവ് തുക : 300000/-

വൗച്ചർ നമ്പർ - 24000787/30.03.2025 (300000/-)

Duration 6 Month (As Per TS Slip).

16.01.2025ന് Supplimentary Agreement - For Extention Of Time For 3 Months.

തുക 76198

പിഴ ഈടാക്കാത്തതിന് വ്യക്തമായ കാരണം ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ, പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടിക്കൊടുത്തുകൊണ്ടുള്ള ഭരണ സമിതി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം പിഴ ഈടാക്കി രസീത് സഹിതം പരിശോധനക്കായി ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/22.01.2026) മറുപടി ലഭ്യമാക്കിയില്ല . പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഹാന്റ് റെയിൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ റോഡിന് സൈഡിലായി GI Pipe ഉപയോഗിച്ച് ഹാൻഡ് റെയിൽ നിർമ്മിച്ചതിന് അധിക നിരക്ക് നൽകി. DAR 10.26.3 പ്രകാരമുള്ള ഡാറ്റയിൽ നിന്നും കൺസീവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് പ്രവൃത്തികളിൽ നിരക്ക് നൽകിയിട്ടുള്ളത്. 233.70/Kg പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികളിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ DAR 10.26.3 പ്രകാരമുള്ള ഡാറ്റയിൽ നിന്നും കൺസീവ്ഡ് ഡാറ്റ തയ്യാറാക്കി അനുവദിക്കാവുന്ന നിരക്ക് 192.43/Kg ആണ്. DAR 10.26.3 പ്രകാരമുള്ള ഡാറ്റയിൽ നിന്നും കൺസീവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ ലേബർ ചാർജിനത്തിൽ Blacksmith 1st Class ന് കൂടിയ നിരക്ക് അനുവദിച്ചതാണ് അപാകത സംഭവിക്കാൻ കാരണമായത് എന്ന് കണ്ടു. Blacksmith 1st Class ന് DAR 10.26.3 പ്രകാരമുള്ള ഡാറ്റയിലെ 177.12 നിരക്ക് അനുവദിക്കുന്നതിന് പകരം 664.20 നിരക്ക് അനുവദിച്ചതായി കൺസീവ്ഡ് ഡാറ്റ വിശകലനം ചെയ്യുമ്പോൾ വ്യക്തമാവുന്നു.

തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| പ്രോജക്റ്റ്. | ഇനം. | അനുവദിച്ച തുക. | അനുവദിക്കാവുന്ന തുക. | അധികം. |
|---|---|---|---|---|
| കറ്റാളൂർ പതി റോഡ് സൈഡ് പ്രൊട്ടക്ഷൻ<br>പ്രോജക്റ്റ് നമ്പർ 286/25<br>ഫണ്ട് - തനത് ഫണ്ട് അടങ്കൽ : 250000 ചെലവ് : 209212<br>വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/ തീയ്യതി 24000822/478404/30.03.2025 - 209212<br>എം. ബുക്ക് - E MBook<br>കരാർ - 41/AE/LID&EW/TGI/2022-23 Dated 31.01.2023<br>മൂല്യനിർണ്ണയം - 209212 (GST | | 14358.53<br>(61.440 Kg X 233.70/ Kg )<br>(OD269067/2022-23) | 11822.89<br>(61.44 Kg X 192.43/Kg ) | 2,992<br>(2535.64+18% GST ) |

| | |
|---|---|
| ഉൾപ്പെടെ)<br>കരാറുകാരൻ - ഹൈഡ്രോസ്ട്രക്ക്<br>Cost Index -36.44% (DSoR 2018)<br>പ്രൈസ് ഷെഡ്യൂൾ No.- 85332/2022<br>TS- 62942/28.11.2022 - 2,50,000 | |

അപാകതയ്ക്ക് മറുപടി നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35 /24-25 /22.01.2026) അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-22 മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് /ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തനത് ഫണ്ടിലേക്ക് അടവാക്കുന്നില്ല

മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരൂരങ്ങാടി ശാഖയിൽ 31.03.2012 ന് ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നമ്പർ 67179065194) ആരംഭിച്ചിട്ടുണ്ട്. (അസിസ്റ്റന്റ് എഞ്ചിനിയർ എന്ന പേരിലാണ് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്) അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.03.2025 ന് 13,55,072/-രൂപയും 20.01.2026 ൽ 16,80,986 രൂപയും നീക്കിബാക്കി കാണുന്നു.

പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കി മുനിസിപ്പൽ എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. പ്രവൃത്തി ബില്ല് തയ്യാറാക്കി മുനിസിപ്പൽ എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക, ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നത്, തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക / തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭിച്ച തുക അർഹരായ ആളുകൾക്ക് / വ്യക്തികൾക്ക് നൽകുന്നതിൽ വീഴ്ച വന്നതിനാലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കേണ്ടതും എല്ലാ തുകകളും രേഖപ്പെടുത്തി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതുമാണ്. ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുകകൾ ടെണ്ടർ നടപടികൾ അവസാനിക്കുമ്പോൾ തന്നെ നഗരസഭയുടെ തനത്ഫണ്ടിലേക്ക് മാറേണ്ടതാണ്. കറന്റ് അക്കൗണ്ടായതിനാൽ തന്നെ അക്കൗണ്ടിൽ വലിയ തുകകൾ സൂക്ഷിക്കുന്നത് പലിശ ഇനത്തിൽ നഷ്ടം വരുത്താൻ ഇടയാക്കുന്നതാണ്. നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്ത അക്കൗണ്ടായതിനാലും വലിയ തുക നീക്കിബാക്കി ഉണ്ടെന്നതിനാലും സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടയാക്കുമെന്നതിനാലും ഇക്കാര്യത്തിൽ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണെന്നും കൂടാതെ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/2024-25/24.01.2026) ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്നും ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക കൃത്യപ്പെടുത്തി തനത് ഫണ്ടിലേക്ക് നൽകുന്നതാണെന്നും മറുപടി നൽകി. കൂടാതെ ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിരുന്നു. എന്നാൽ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും മറുപടി പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 ആദായ നികുതി കുറവായി ഈടാക്കി

മുനിസിപ്പൽ എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ ആദായ നികുതി കുറവായി ഈടാക്കിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക തുക കരാറുകാരന് നൽകി.

| പ്രോജക്ട് | ഈടാക്കേണ്ട ആദായ നികുതി ( As Per Income Tax Act | ഈടാക്കിയ ആദായ നികുതി (1%). | കരാറുകാരന് അധികം നൽകിയ തുക. |
|---|---|---|---|

| | | | |
|---|---|---|---|
| | 1961, Sec.194C) (2%). | | |
| 1). അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ.<br>പ്രോജക്ട് - 467/25<br>ഫണ്ട് - ഹെൽത്ത് ഗ്രാന്റ്<br>വൗച്ചർ - C012544954292/07.02.2025 - 297353<br>എം. ബുക്ക് - E Mbook കരാർ - 50/23-24/12.03.2024<br>മൂല്യനിർണ്ണയം - 297353 (GST ഉൾപ്പെടെ)<br>കരാറുകാരൻ - M Power Trading System<br>Cost Index -36.44% (DSoR 2018)<br>Price Id 87241/2023<br>TS- 87241/26.11.2023 -14,72,000<br>Final Bill – 251994 (Valuation Except GST) | 5040 | 2520 | 2520 |
| 2. അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ പതിനാറുങ്ങൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽപ്രോജക്ട് - 468/25<br>ഫണ്ട് - ഹെൽത്ത് ഗ്രാന്റ്<br>വൗച്ചർ - C012544951472/07.02.2025 - 365977<br>എം. ബുക്ക് - E Mbook<br>കരാർ - 24/24-25/24-25/14.08.2024<br>മൂല്യനിർണ്ണയം - 365977 (GST ഉൾപ്പെടെ)<br>കരാറുകാരൻ - M Power Trading System<br>Cost Index -36.44% (DSoR 2018)<br>Price Id 12814/2024<br>TS- 12814/04.03.2024 -400000<br>Final Bill – 310150 (Valuation Except GST) | 6210 (Nearest 10 Rupee) | 3102 | 3108 |

പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയ M Power Trading System എന്ന കമ്പനിക്ക് അധികം തുക നൽകിയതിന് മറുപടി നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38 /24-25 /24.01.2026) അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണെന്ന് മറുപടി നൽകി. ആദായ നികുതി ഈടാക്കുന്നതിൽ കുറവ് സംഭവിച്ചാൽ ആയത് പിഴ ഉൾപ്പെടെ അടയ്ക്കേണ്ടി വരുമെന്നതിനാൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തി - അപാകതകൾ

പ്രോജക്ട് 374/25, തെരുവുവിളക്കുകളുടെ മെയിന്റനൻസ്

അടങ്കൽ 16,00,000/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് 16,00,000/- (വൗച്ചർ നമ്പർ : 24000722/03.03.2025)

മുനിസിപ്പൽ എഞ്ചിനീയർ നിർവഹിച്ച മേൽ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). 2022-23 വർഷത്തിൽ 2000000/- രൂപ വകയിരുത്തി സ്പിൽഓവർ പ്രോജക്ടായി രൂപീകരിച്ച (112/23) പദ്ധതിയുടെ ബാക്കി തുക നൽകുന്നതിനായാണ് നിലവിൽ സ്പിൽ ഓവറായി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയത്. പദ്ധതിക്കായി 2022-23 വർഷത്തിൽ 15,25,260/- രൂപയും 2023-24 വർഷത്തിൽ 686367/-രൂപയും ഉൾപ്പെടെ 22,11,627/-രൂപ ചെലവഴിച്ചിട്ടുണ്ട്.അതായത് 211627/- രൂപ അധികമായി ചെലവഴിച്ചു. ഇക്കാര്യം 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-61 ആയി പ്രതിപാദിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തിയായാണ് 2024-25 വർഷത്തിൽ ധനകാര്യകമ്മീഷൻ അവാർഡിനത്തിൽ 16,00,000/- രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് കണ്ണൂർ എന്ന സ്ഥാപനത്തിന് തുക നൽകിയത്. വകയിരുത്തിയ പദ്ധതി തുക പൂർണ്ണമായും ചെലവഴിച്ച പദ്ധതി സ്പിൽ ഓവറായത് എങ്ങനെയെന്ന വ്യക്തമാക്കേണ്ടതാണ്.

2). സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് കണ്ണൂരിന്റെ ഇൻവോയിസ് നമ്പർ ASBU/4.02(43)/2023-24/1239/16.01.2024 പ്രകാരം 1722 തെരുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് @ 735.23 രൂപയും സെന്റേജ് ചാർജ്ജിനത്തിൽ 7.2% തുകയും നികുതിയും ഉൾപ്പെടെ കണക്കാക്കിയ 16,01,523/-രൂപയിൽ 16,00,000/- രൂപ നൽകുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. PMCആയി പ്രവൃത്തി ചെയ്യുന്ന സ്ഥാപനത്തിന് പ്രവൃത്തി ചെയ്യുന്നതിനുള്ള തുകയും സെന്റേജ് ചാർജ്ജും ചേർത്ത് നൽകിയത് ക്രമപ്രകാരമല്ല.

3). ഫയലിൽ ലഭ്യമാക്കിയ കൗൺസിലർമാരുടെ സാക്ഷ്യപത്രം പ്രകാരം 1688 ബൾബുകളാണ് റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 1722 ബൾബുകളുടെ റിപ്പയറിംഗിന് തുക നൽകിയതായി കാണുന്നു.

4). കൗൺസിലർമാരുടെ സാക്ഷ്യപത്രത്തിൽ ഏതു പോസ്റ്റിലാണ് റിപ്പയർ വർക്ക് നടന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ , തെരുവ് വിളക്കുകൾ സംബന്ധിച്ച് വരുന്ന പരാതികൾ രേഖപ്പെടുത്തുന്ന പരാതി രജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയില്ല.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39 /24-25 /24.01.2026) ഫയൽ പരിശോധിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന അറിയിച്ചു. വിശദമായ മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 16,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-25 അക്രഡിറ്റഡ് ഏജൻസി വഴി തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തി സർക്കാർ ഉത്തരവ് പാലിച്ചില്ല.

പ്രോജക്ട് 347/25 – തെരുവുവിളക്കുകളുടെ മെയിന്റനൻസ്.

അടങ്കൽ 788373/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് 788240/- (വൗച്ചർ നമ്പർ : 24000434/23.11.2024)

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

നഗരസഭ പരിധിയിലുള്ള 39 വാർഡുകളിൽ ഒരു വർഷ കാലയളവിലേക്ക് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള ഈ പദ്ധതി അക്രഡിറ്റഡ് ഏജൻസിയായ UEIL (യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്) മുഖേനയാണ് നടപ്പാക്കിയത്. പ്രവൃത്തി പ്രകാരം 835 തെരുവ് വിളക്കുകളാണ് റിപ്പയർ ചെയ്തതായി മെമ്പർമാർ സക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ആയതിനുള്ള തുക UEIL ന് അനുവദിക്കുകയും ചെയ്തു.

പ്രവൃത്തി നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചു.

1). അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ ഉത്തരവ് പാലിച്ചില്ല.

A). അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച സർക്കാർ ഉത്തരവ് (പി)നം:104/2022/Fin/2.9.2022 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (UEIL) എന്ന സ്ഥാപനത്തെ "PMC (Project Management Consultancy) ആയി ഇലക്ട്രിക്കൽ പ്രവർത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസി" ആയാണ് അംഗീകരിച്ചിട്ടുള്ളത്. (ക്രമ നം:31). ആയതിൽ പ്രവൃത്തി നേരിട്ട് നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല.

B). അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.2021 ഉത്തരവിലെ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മേൽ പ്രവൃത്തി നടപ്പാക്കിയത്.

I). PMC ആയി അക്രഡിറ്റേഷൻ നേടിയ സ്ഥാപനം, സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പരസ്യം നൽകി സർക്കാരിന്റെ ഇ ടെണ്ടർ പ്ലാറ്റ്ഫോം മുഖേന ഐറ്റം റേറ്റ് കോൺട്രാക്റ്റ് രീതിയിൽ ടെണ്ടർ ചെയ്താണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ ആയത് പാലിച്ചിട്ടില്ല. ടെണ്ടർ ചെയ്ത് കരാറുകാരനെ തെരഞ്ഞെടുത്തതായി കാണുന്നില്ല.

II). അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, അക്രഡിറ്റഡ് ഏജൻസി, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ തമ്മിൽ ഉൾപ്പെട്ട ത്രികക്ഷി കരാർ ചമക്കേണ്ടതും കരാറിൽ ബാദ്ധ്യതകളടക്കം ചുമതലകൾ വ്യക്തമാക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചിട്ടില്ല.

2). മറ്റ് അപാകതകൾ.

A). പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ.എസ്.ഇ.ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങിയ

വിവരങ്ങൾ) ലഭ്യമാക്കിയില്ല .

B). 39 വാർഡ് കൗൺസിലർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ പോസ്റ്റ് നമ്പർ ഉൾപ്പെടെ അറ്റകുറ്റ പണികൾ നടത്തിയ തെരുവ് വിളക്കുകളുടെ പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അറ്റകുറ്റ പണികൾ നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയത്.

C). തെരുവ് വിളക്കുകളിലെ പഴയ സാധനങ്ങൾ (പഴയ ലൈറ്റുകൾ, ബ്രാക്കറ്റ്, ഹോൾഡർ) നഗരസഭയിൽ തിരിച്ചേൽപ്പിച്ച് Un Serviceble Item Stock Register ൽ ചേർത്ത് പരിശോധനക്കായി ലഭ്യമാക്കിയില്ല.

D). തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനും, ആയതിനനുസരിച്ച റിപ്പയർ പ്രവൃത്തിക്കായി കരാറുകാരന് നിർദ്ദേശം നൽകുന്നതിനുമായി പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

E). പദ്ധതിയുടെ മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

പദ്ധതി സംബന്ധിച്ചുള്ള അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/24-25/24.01.2026) പ്രോജക്ട് അക്രഡിറ്റ് ഏജൻസിയായ UEIL വഴി നടപ്പിലാക്കുന്നതിനായാണ് വിഭാവനം ചെയ്തിട്ടുള്ളതിനാലാണ് ഇത്തരത്തിൽ നിർവ്വഹണം നടത്തിയതെന്നാണ് അറിയിച്ചത്. എന്നാൽ UEIL ന് PMC ആയി മാത്രമാണ് പ്രവൃത്തി നിർവ്വഹിക്കുവാനുള്ള അനുമതിയുള്ളത്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതും ആവശ്യമായ രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ആയതിന് Mord – ഡാറ്റ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെന്ററിംഗ് & ഷട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 24.01.2026 – ന് നഗരസഭ ഓവർസിയറുടെ സാന്നിധ്യത്തിൽ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചതിൽ ഫോം വർക്ക് (സെന്ററിംഗ് & ഷട്ടറിംഗ്) ചെയ്യാതെയാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. അപ്രകാരം സ്ഥലപരിശോധനാ റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. ആയതിനാൽ മേൽ പ്രവൃത്തിക്ക് ഫോം വർക്ക് ഇല്ലാത്ത ഇനത്തിനുള്ള ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തുകയും ചെക്ക് മെഷർ ചെയ്യാത്തതിലെ അപാകത കാരണവും 15,816/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട്. | 548/25 – എൻ.എസ്.എസ് പോക്കാട്ട് റോഡ് ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും കോൺക്രീറ്റിങ്ങും ഡിവിഷൻ 22. |
| അടങ്കൽ / ചെലവ്. | 3,50,000/273169 (തനത് ഫണ്ട്). |
| ടി.എസ് | 53278/2024/27.01.2025 (Cost Index 36.44%). |
| പ്രൈസ് ഐഡി | 53278/2024. |
| കരാർ. | 72/AE/LID-EW/TGI Dated 18.03.2025. |
| ടെണ്ടർ നിരക്ക് | 21.1% Below |
| വൗച്ചർ. | 24000842/31.03.2025 |
| കരാറുകാരൻ. | മുജീബ് റഹ്മാൻ.ടി |

അധിക ചെലവിന്റെ വിവരം.

| നൽകിയ തുക. | നൽകാവുന്ന തുക. | അധികം. |
|---|---|---|
| 225703.56 | 217009.09 | 10259 |
| (34.225m³ X 6594.698 (8358.30-1763.60)/M3) | (34.225m³ X 6340.66 (8036.33-1695.67/ M3) | [8694.47 + 18% GST] |

2.

| | |
|---|---|
| പ്രോജക്ട്. | 443/25 മഠത്ത് കുന്നിയിൽ റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് വാർഡ് 6. |
| അടങ്കൽ / ചെലവ്. | 200000/157354 (തനത് ഫണ്ട്). |

| | |
|---|---|
| ടി.എസ്. | 86099/2024/12.11.2024 (Cost Index 36.44%). |
| പ്രൈസ് ഐഡി. | 86099/2024. |
| കരാർ. | 64/AE/LID-EW/TGI Dated 17.03.2025. |
| ടെണ്ടർ വേരിയേഷൻ | 21.3% Below |
| വൗച്ചർ | 24000842/31.03.2025 |
| കരാറുകാരൻ | കോതക്കട്ടി. |

അധിക ചെലവിന്റെ വിവരം.

| നൽകിയ തുക. | നൽകാവുന്ന തുക. | അധികം. |
|---|---|---|
| 122251.76 | 117542.51 | 5557 |
| (18.585 $M^3$ X 6577.98 (8358.30-1780.32)/M3) | ( 18.585 $M^3$ X 6324.59 (8036.33-1711.74/M3) | [4709.25 + 18% GST] |

അപാകതകൾക്ക് മറുപടി നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. അപാകതക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (51/27.01.2026) മറുപടി ലഭ്യമാക്കിയില്ല. നഷ്ടം 15,816/- രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-27 ഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിംഗ് അപാകതകൾ

പ്രോജക്ട് : 182/25 , ഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിംഗ്

അടങ്കൽ : 3500000/- ( 2000000/- Plan General + 1500000/- CFC)

ചെലവ് : 15,86,444/- Plan General

വൗച്ചർ നമ്പർ :24000767/11.03.2025

നഗരസഭാ പരിധിയിലുള്ള വിവിധ വാർഡുകളിലെ ഹൈമാസ്റ്റ് ലൈറ്റുകളുടെ റിപ്പയറിംഗിനായാണ് മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ബിഡ്ഡിംഗ് വഴി 7.5% സെന്റേജ് ചാർജ്ജിന് അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ആണ് പ്രവൃത്തി ഏറ്റെടുത്തത്. എം പവർ ട്രേഡിംഗ് സിസ്റ്റം എന്ന സ്ഥാപനമാണ് കരാർ ഏറ്റെടുത്ത് പ്രവൃത്തി നടപ്പാക്കിയത്.

പ്രവൃത്തി നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചു.

1). അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ ഉത്തരവ് പാലിച്ചില്ല.

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt. 28.04.2021 ഉത്തരവ് പ്രകാരം PMC അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, അക്രഡിറ്റഡ് ഏജൻസി, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ തമ്മിൽ ഉൾപ്പെട്ട ട്രൈപാർട്ടി കരാർ ചമക്കേണ്ടതും കരാറിൽ ഓരോരുത്തരുടെയും ചുമതലകൾ വ്യക്തമാക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചിട്ടില്ല. ചമച്ച കരാറിൽ കരാറുകാരൻ ഉൾപ്പെട്ടിട്ടില്ല.

2). പ്രവൃത്തി പൂർത്തിയാക്കിയതായി മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ വ്യക്തതയില്ല.

വാർഡ് കൗൺസിലർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ പോസ്റ്റ് നമ്പർ ഉൾപ്പെടെ അറ്റകുറ്റ പണികൾ നടത്തിയ തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. റിപ്പയർ പ്രവൃത്തി നടന്നത് ഹൈമാസ്റ്റ് ലൈറ്റ് / ലോമാസ്റ്റ് ലൈറ്റ് ആണെന്നതോ എത്ര വാട്ടിന്റെ ബൾബാണ് സ്ഥാപിച്ചതെന്നതോ എത്ര എണ്ണം സ്ഥാപിച്ചുവെന്നതോ സാക്ഷ്യപത്രത്തിൽ നിന്നും വ്യക്തമല്ല.

3). മറ്റ് അപാകതകൾ.

A). പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ ഹൈമാസ്റ്റ് ലൈറ്റ് / ലോമാസ്റ്റ് ലൈറ്റുകളുടെ വിവരം (ബൾബിന്റെ വാട്ട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം) തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയില്ല .

B). തെരുവ് വിളക്കുകളിലെ പഴയ സാധനങ്ങൾ (പഴയ ലൈറ്റുകൾ,ബ്രാക്കറ്റ്, ഹോൾഡർ) നഗരസഭയിൽ തിരിച്ചേൽപ്പിച്ച് Un Serviceble Item Stock Register ൽ ചേർത്തതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

C). പദ്ധതി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയില്ല.

D). മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (52/24-25/27.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ മേൽ അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് ഇക തടസ്സം ചെയ്യുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

പദ്ധതി : 244/25 വിവിധ അംഗൻവാടികളുടെ വൈദ്യുതീകരണം

അടങ്കൽ/ ഫണ്ടിനം : 15,00,000 / മെയിന്റനൻസ് നോൺ റോഡ്

ചെലവ് : 1,20,898 *(വൗച്ചർനമ്പർ 24000534*/17.05.2024)

മേൽ വൗച്ചർ പ്രകാരം ചെലവഴിച്ച ഇകയുടെ അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (53 */24-25 /*27.01.2026) മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തിയുടെ പ്രൈസ് ഐഡി, എസ്റ്റിമേറ്റ്, ഫൈനൽ ബിൽ, മെഷർമെന്റ് രേഖകൾ ഇടങ്ങിയവ ലഭ്യമാക്കുന്നതു വരെ ചെലവു ഇക 1,20,898/- രൂപ തടസ്സം ചെയ്യുന്നു.

## 1-29 നെയിം ബോർഡ് സ്ഥാപിച്ചില്ല - കരാറുകാർക്ക് പണം അനുവദിച്ചു

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ 24.01.2026 ന് നഗരസഭ ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിൽ സന്ദർശിച്ചു. പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാർക്ക് ഇക അനുവദിച്ചതായി ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രവൃത്തി | ചെയ്യാത്ത ഇനം. | അനുവദിച്ച ഇക. |
|---|---|---|---|
| 1 | 292/25 ദേവസ്വം കനാൽ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ ഇക 4,40,000/-<br>ഫണ്ട് - Development Fund CFC<br>കരാറുകാരൻ - ശ്രീ കെ ഫൈറൂസ്<br>Cost Index -36.44% (DSoR 2018)<br>പ്രൈസ് ഐഡി - 111072/2023<br>Tender Veriation 27.37%<br>കരാർ -34/23-24/AE/LID&EW/TGI/Dated 06.02.2024<br>ചെലവ് ഇക : 319432/-<br>വൗച്ചർ നമ്പർ -24000780/31.03.2025 (319432/-)<br>Duration 6 Month (As Per TS Slip ) | ഇനം 3<br>(Name Board സ്ഥാപിച്ചില്ല) | 1556 രൂപ<br>[(1815-27.3%)+ 18% GST] |
| 2 | 548/25 എൻ എസ് എസ് പോക്കാട്ട് റോഡ് ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും കോൺക്രീറ്റിങ്ങും ഡിവിഷൻ 22<br>Price Id 53278/2024<br>ഫണ്ട് - തനത് ഫണ്ട്<br>വൗച്ചർ നമ്പർ - 24000842/31.03.2025<br>എം. ബുക്ക് - E MBook | ഇനം 5<br>(Name Board സ്ഥാപിച്ചില്ല) | 2546 രൂപ<br>[(2735.08-21.1%)+ 18% GST] |

| | | | |
|---|---|---|---|
| | കരാർ - 72/AE/LID-EW/TGI Dated 18.03.2025<br>മൂല്യനിർണ്ണയം - 273169 (GST ഉൾപ്പെടെ)<br>ടെണ്ടർ വേരിയേഷൻ : 21.1%<br>കരാറുകാരൻ - മുജീബ് റഹ്മാൻ<br>Cost Index -36.44% (DSoR 2018)<br>TS- 53278/ 27.01.2025 -3,50,000 | | |
| 3 | 203/25 സംരക്ഷണകോൺക്രീറ്റ് ഡിവിഷൻ -31<br>Price Id 105732/2024<br>വൗച്ചർ നമ്പർ - 24000849/31.03.2025-196865<br>ചെലവ് - 196865<br>കരാറുകാരൻ - മുജീബ് റഹ്മാൻ<br>ഫണ്ട് - തനത്<br>കരാർ - 60/AE/LID-EW/TGI Dated 15.03.2025<br>Estt.No. - 105732/2024<br>TS No. - 105732/2024/03.01.2025 | ഇനം 6<br>(Name Board സ്ഥാപിച്ചത്) | 3062 രൂപ<br>(2595.28+ 18% GST) |
| | ആകെ | | 7164 |

പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് കരാറുകാരന് പണം അനുവദിച്ചതിന് മറുപടി നൽകേണ്ടതും തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (54/24-25/26.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് നൽകിയ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഇപ്രകാരം അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തൽ വരുത്തി തുക അനുവദിക്കുന്നത് ഭരണതലത്തിൽ പരിശോധനക്ക് വിധേയമാക്കേണ്ടതാണ് എന്ന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 1-30 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം രണ്ടാം ഘട്ടം- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ.

പദ്ധതി : 249/25 , ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം രണ്ടാം ഘട്ടം.

അടങ്കൽ/ ഫണ്ടിനം : 2910047 /- വികസന ഫണ്ട് ജനറൽ + 39629/ തനത് ഫണ്ട്

ചെലവ് : 2910047/- വൗച്ചർ നമ്പർ- 24000898/14.06.2024

ഏജൻസി എഗ്രിമെന്റ് : 70/AE/LID-EW/TGI/2022-23 Dated 16.02.2023

അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയാണ് 75,00,000/- രൂപ അടങ്കലിൽ രൂപീകരിച്ച ഒരു ബഹു വർഷ പദ്ധതി 8% സെന്റേജ് ചാർജിന് ബിഡ്ഡിംഗ് വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ശ്രീ.അബ്ദുറഹിമാൻ എന്നവരാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്. ആയതിൽ 29,10,047/- രൂപയാണ് 2024-25 വർഷത്തിൽ ചെലവഴിച്ചിട്ടുള്ളത് .

17.02.2023 നാണ് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളത്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണ സമയം 6 മാസമാണ്. 29.03.2023 ന് തന്നെ First Part Bill തുക 20,89,953/-കൈമാറിയിട്ടുണ്ട്. എന്നാൽ 22.08.2023 ന്

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും അടങ്കൽ തുക 74,75,000/- ആക്കുകയും ചെയ്തു. പ്രവൃത്തി പൂർത്തീകരിക്കേണ്ട 16.09.2023 ന ശേഷം 22.09.2023 ന് പൂർത്തീകരണ കാലാവധി കാലാവസ്ഥാ വ്യതിയാനം എന്ന കാരണം കാണിച്ച് 16.10.2023 വരെ പിഴ കൂടാതെ ദീർഘിപ്പിച്ച് നൽകിയതായി കാണുന്നു. ആയത് ഭരണ സമിതിയുടെ 23.11.2023 ലെ 3ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ പ്രവൃത്തിക്ക് 29,10,047/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ബിൽ, അനുബന്ധ രേഖകൾ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ ബിൽ പരിശോധനക്കായി ലഭ്യമാക്കേണ്ടതും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതുമാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (59/24-25/27.01.2026) മറുപടി ലഭ്യമാക്കിയില്ല. എന്നാൽ ഫയൽ വിജിലൻസിന്റെ അടുത്താണെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാവുന്ന മുറക്ക് ഫയൽ പരിശോധനക്കായി ഹാജരാക്കേണ്ടതും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വിവിധ ഘട്ടങ്ങൾ വിവിധ അക്രഡിറ്റഡ് ഏജൻസികൾക്ക നൽകിയതായാണ് കാണുന്നത്. 2024-25 വർഷത്തിൽ തുക നൽകിയ 2ാം ഘട്ടം, 4ാം ഘട്ടം എന്നിവ യഥാക്രമം സിഡ്കോ, തീരദേശ വികസന അതോറിറ്റി എന്നീ അക്രഡിറ്റഡ് ഏജൻസികളാണ് ഏറ്റെടുത്തിട്ടുള്ളത് . ഇത്തരത്തിൽ ഒരു ബിൽഡിംഗിന്റെ പ്രവൃത്തി വിവിധ അക്രഡിറ്റഡ് ഏജൻസികൾക്ക നൽകുന്നത് പ്രവൃത്തി പൂർത്തീകരണം വൈകുന്നതിനും ചെയ്ത പ്രവൃത്തികൾ നാശമാവുന്നതിനും കാരണമാവുന്നുണ്ട്. ഭാവിയിൽ ബിൽഡിംഗ് പ്രവൃത്തികൾ നടക്കുമ്പോൾ ആയതിനെ ഒറ്റ യൂണിറ്റായി കണ്ട് പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നത് വരെ ചെലവ് തുക 2910047/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 ഓണം മുൻകൂർ തിരിച്ച പിടിക്കാൻ അവശേഷിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2,90,000 രൂപ അനുവദിച്ചിരുന്നു. (വൗച്ചർ നമ്പർ P-MI01200-24000260 - 11-09-2024 ₹ 260000/-, P-MI01200-24000261 - 11-09-2024 ₹ 30000/-). വാർഷിക കണക്ക് (ഷെഡ്യൂൾ B-18) പ്രകാരം 12,000/-രൂപ തിരിച്ച് പിടിക്കാൻ അവശേഷിക്കുന്നു. ലെഡ്ജർ പരിശോധിച്ചതിൽ 2024-25 വർഷത്തെ 8,000/- രൂപ, മുൻവർഷങ്ങളിലെ ഈ ഇനത്തിലെ 4,000/-, ആകെ 12,000/- രൂപ എന്നിങ്ങനെയാണെന്ന് കാണുന്നു. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ തിരിച്ച് പിടിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ജീവനക്കാരിൽ നിന്നാണെന്ന് വ്യക്തമല്ല. ഓണം അഡ്വാൻസ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/ഇല്ലെങ്കിൽ ആരിൽ നിന്നെല്ലാമാണ് തിരിച്ച് പിടിക്കാനുള്ളതെന്ന വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 60/27.1.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓണം അഡ്വാൻസ് ഇനത്തിൽ തിരികെ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കിയിട്ടില്ല.

സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അതാത് അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് 29.12.2000 ലെ സർക്കുലർ നമ്പർ 17263/ എൽ3/99/ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. എന്നാൽ 2024-25സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ് അടവാക്കിയതിൽ പരിശോധന നടത്തിയപ്പോൾ മേൽ സർക്കുലറിലെ സമയക്രമം പാലിച്ചിട്ടില്ല എന്ന് കണ്ടു. ഇത് അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

ഫയൽ നമ്പർ . 1106885-2024.

| സാമ്പത്തിക വർഷം. | തുക. | അടവാക്കേണ്ട തീയതി. | അടവാക്കിയ തീയതി. | വൗച്ചർ നമ്പർ/തീയതി. | |
|---|---|---|---|---|---|
| 2023-24 ഒന്നാം അർദ്ധ വർഷം. | 5,07,420 | 31.10.2023 | 10.05.2024 | 24000062/10.05.2024 9,63,809/- | ₹ |
| 2023-24 രണ്ടാം അർദ്ധ വർഷം. | 5,92,367 | 30.4.2024 | 10.5.2024, 09.09.2024 | 24000255/09.09.2024 1,35,978/- | ₹ |
| | 10,99,787/- | | | 10,99,787/- | |

ലൈബ്രറി സെസ്സ് തുക കൃത്യ സമയത്ത് അടവാക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/24.1.2026) ലഭ്യമാക്കിയ മറുപടിയിൽ തുടർവർഷങ്ങളിൽ സമയബന്ധിതമായി ലൈബ്രറി സെസ്സ് അടവാക്കുന്നതാണെന്ന് അറിയിച്ചു. ലൈബ്രറി സെസ്സിനത്തിൽ ലഭ്യമാകുന്ന തുക സർക്കുലർ നിർദ്ദേശം പാലിച്ച് യഥാസമയം അടവാക്കേണ്ടതാണ്.

## 1-33 വാഹനങ്ങളുടെ ഇന്ധന ഉപഭോഗ പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

05.05.1975 ലെ G.O.(Rt) 582/75/PW ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ ഇന്ധന ഉപഭോഗ പരിശോധന, അവസാന പരിശോധന നടത്തിയ തിയ്യതിയിൽ നിന്ന് ഒരു വർഷത്തിനകം നടത്തേണ്ടതുണ്ട്. KL.65 K 3451, KL 65 J 3896, KL 65 U 6882 എന്നീ വാഹനങ്ങളുടെ ഇന്ധന ഉപഭോഗ പരിശോധന നടത്തിയതിന്റെ വിവരം ലോഗ് ബുക്കിൽ ലഭ്യമല്ല.

മേൽ വാഹനങ്ങളുടെ ഇന്ധന ഉപഭോഗ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 48/24.01.2026) ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ വാഹനങ്ങളുടെ ഇന്ധന ഉപഭോഗ പരിശോധന നടത്തുന്നതിന് 16.12.2025 ന് ട്രഷറി മുഖേന ചെലാൻ അടവാക്കിയിട്ടുണ്ടെന്നും ഇന്ധ ക്ഷമത ടെസ്റ്റ് നടത്തുന്നതിന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം, പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയതിൻമേൽ തുടർനടപടി സ്വീകരിച്ച് വരുന്നതായും അറിയിച്ചു. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 സ്കൂളുകൾക്ക് ശുചീകരണ കിറ്റ്- പദ്ധതി നിർവ്വഹണത്തിലെ അപാകത.

| പ്രോജക്ട്. | അടങ്കൽ. | ചെലവ്. | വൗച്ചർ നമ്പർ. | ഇൻവോയ്സ്. | |
|---|---|---|---|---|---|
| 19/25 സ്കൂളുകൾക്ക് ശുചീകരണ കിറ്റ്. | 150000 (സി.എഫ്.സി. ) | 1,46,504/- | P-M101200-24000648/06.03.2025 ₹ 1,46,504/- | 276/11/6413 24.03.2025 1,46,504/- | D( ₹ |

ഹെൽത്ത് ഓഫീസർ നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം നഗരസഭയിലെ സ്കൂളുകളിലേക്ക് വിതരണം ചെയ്യുന്നതിനായി പരപ്പനങ്ങാടി ത്രിവേണി സൂപ്പർമാർക്കറ്റിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട് . എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മുഴുവൻ സാധനങ്ങളും വിതരണം ചെയ്തതായി കാണുന്നില്ല.

| ഇനം. | എണ്ണം. | വില (1 എണ്ണം). | വിതരണം ചെയ്തവയുടെ എണ്ണം. (8 സ്കൂളുകൾക്ക്) | ബാലൻസ്. |
|---|---|---|---|---|
| ബ്രഷ് | 113 | 194 | 109 | 4 |
| മോപ്പ് | 113 | 133.50 | 108 | 5 |

| | | | | |
|---|---|---|---|---|
| ബക്കറ്റ് | 113 | 476.50 | 110 | 3 |
| പ്ലാസ്റ്റിക് കപ്പ് | 113 | 22 | 111 | 2 |
| ചൂൽ | 113 | 139.50 | 109 | 4 |
| മാറാലതട്ടി | 113 | 129 | 107 | 6 |
| ഹാന്റ് വാഷ് | 113 | 91.50 | 88 | 25 |
| ഫ്ലോർ ക്ലീനർ | 113 | 110.50 | 78 | 35 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/20.01.2026) ലഭ്യമാക്കിയ മറുപടിയിൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും സ്കൂളുകൾക്ക് നൽകിയ സാധനങ്ങൾ (ഹാന്റ് വാഷ്, ഫ്ലോർ ക്ലീനർ) രജിസ്റ്ററിൽ ഇഷ്യൂ രേഖപ്പെടുത്തുന്നതിന് വിട്ടുപോയിട്ടുള്ളതാണെന്നും മറ്റുള്ളവ നഗരസഭ ഓഫീസിൽ വെച്ച് നടന്ന ഉദ്ഘാടനത്തിന് ജി.എം.എൽ.പി.എസ് തിരുത്തിക്ക് നൽകിയതാണെന്നും എന്നാൽ പിന്നീട് സ്കൂളിൽ വിതരണം ചെയ്തിരുന്ന സമയത്ത് ഉദ്ഘാടന സമയത്ത് നേരത്തെ നൽകിയ സാധനങ്ങൾ ഇഷ്യൂ രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്നും ആയത് നഗരസഭ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് മേൽ സ്കൂളിന് നൽകി സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു.

വാങ്ങിയ സാധനങ്ങൾ മുഴുവൻ വിതരണം ചെയ്ത് ആവശ്യമായ രേഖപ്പെടുത്തൽ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും മേൽ പട്ടികയിൽ സൂചിപ്പിച്ച അവശേഷിക്കുന്ന സാധനങ്ങൾ സ്കൂളുകൾക്ക് നൽകി അതാത് സ്കൂളുകൾ സ്റ്റോക്കിലെടുത്ത വിവരം അടക്കം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-35 വാഹനങ്ങളുടെ വിവരം – വീൽസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നില്ല

ധനകാര്യ (ഐ.ടി. സോഫ്റ്റ്വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സർക്കുലറിന്റെയും തുടർച്ചയായി ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

നഗരസഭയിലെ നിലവിലുള്ള വാഹനങ്ങൾ, ഡ്രൈവർമാർ, മറ്റ് വിവരങ്ങൾ എന്നിവ പ്രസ്തുത സംവിധാനത്തിൽ രജിസ്റ്റർ ചെയ്തതിന്റെയും സമയ ബന്ധിതമായി വിവരങ്ങൾ കാലികമാക്കിയതിന്റെയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 49/ 24.01.2026) മറുപടി/രേഖകൾ ഹാജരാക്കിയിട്ടില്ല. വാഹനങ്ങൾ സംബന്ധിച്ച വിവരം പ്രസ്തുത വെബ്സൈറ്റിൽ രേഖപ്പെടുത്തി കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-36 അനധികൃത കെട്ടിടങ്ങൾ- തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി വിവരങ്ങൾ ഫോറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ചട്ടം 20(2) പ്രകാരം ഈ നമ്പർ നല്കുന്നത് 242 വകുപ്പ് പ്രകാരം (ചട്ടപ്രകാരമുള്ള വസ്തു നികുതിയും അതിന്റെ ഇരട്ടി നികുതിയും ഈടാക്കുന്നത് സംബന്ധിച്ച്) വസ്തു നികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രമാണ് എന്നും മറ്റ് യാതൊരു ആവശ്യങ്ങൾക്കും മുനിസിപ്പാലിറ്റിയോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 242 വകുപ്പ് പ്രകാരം നിർണ്ണയിച്ച വസ്തു നികുതി ആവശ്യപ്പെട്ട് കൊണ്ട് ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് അയക്കേണ്ടതും കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഇപ്രകാരം വസ്തു നികുതി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുമെന്നും, ഇപ്രകാരം വസ്തു നികുതി ചുമത്തുന്നത് മൂലം ഈ കെട്ടിടം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമാവില്ല എന്ന് ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതാണെന്നും ചട്ടം 20(3) ലും വ്യക്തമാക്കിയിട്ടുള്ളതാണ്.

ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 406ാം വകുപ്പ്

പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

കെ സ്മാർട്ട് പ്രകാരം, നഗരസഭയിൽ 2024-25 ലും മുൻവർഷങ്ങളിലുമായി UA നമ്പർ അനുവദിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അനധികൃത വാണിജ്യ കെട്ടിടങ്ങൾ

| ക്രമ നമ്പർ | കൈവശക്കാരൻ സർവ്വേ നം. | വാർഡ് നം./ കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം. |
|---|---|---|---|
| 1 | 4/1C4 (Tirurangadi) സൽമാനത്ത് ഹാരിസ് എം പി (മണ്ടായപ്പുറത്ത്,പന്താരങ്ങാടി,പന്താരങ്ങാടി പി ഒ,676306) | 1/143/B/ UA/2022 | വാണിജ്യാവശ്യത്തിനുള്ള 100 ചമീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ 62.29ച മീ |
| 2 | ഹംസ 3. സാബിറ (പാലപ്ര,കൊടിഞ്ഞി റോഡ്, തിരൂരങ്ങാടി പി ഒ,676306) 92/10C 98/2A-2 (Tirurangadi) | 38/44/A/ UA/2022 | വാണിജ്യാവശ്യത്തിനുള്ള 100 ചമീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ 44.79 ച മീ |
| 3 | സൈതലവി ബാവ അബൂബക്കർ സിദ്ദിഖ് (മാളിയേക്കൽ /കരിമ്പിൽ വീട്,മനിപ്പുറം, തിരൂരങ്ങാടി പി ഒ,676306) | 7/229/UA/2019 | വാണിജ്യാവശ്യത്തിനുള്ള 200 ചമീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ 910.06ച മീ |
| 4 | അബ്ദുള്ള കുട്ടി എം, മേലാത്ത് ഹൗസ്,ചെമ്മാട് | 8/ B(UA/2024-2025) | വാണിജ്യാവശ്യത്തിനുള്ള 100 ചമീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ 64,33 ച മീ |
| 5 | നൗഫിഎ | 1/UA,2/UA,3/ UA,4/UA,5/UA,6/ UA,7/UA,8/UA | പാർപ്പിടാവശ്യം- അപ്പാർട്ട്മെന്റുകൾ (34.64*8 =277.12) |
| 6 | ഹസ്സനലി & അബ്ദുൽകുട്ടി ഹാജി | 17/UA,18/UA,19/ UA,20/UA | വാണിജ്യാവശ്യത്തിനുള്ള 100 ചമീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ 28 ച മീ |

2. അനധികൃത പാർപ്പിട കെട്ടിടങ്ങൾ

| ക്രമനമ്പർ | വാർഡ് | UA നമ്പർ അനുവദിച്ചിട്ടുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം | അനുവദിച്ച UA നമ്പറുകൾ |
|---|---|---|---|
| 1 | 1 | 5 | 7/UA<br>99/A/UA/2020 |

| | | | |
|---|---|---|---|
| | | | 313/UA/2022<br>314/B/UA/2022<br>347/A/UA/2021 |
| 2 | 2 | 2 | 1/UA/2016<br>115/B/UA/2022 |
| 3 | 3 | 7 | 3/UA<br>5/UA<br>18/A/UA/2022<br>93/B/UA/2020<br>109/A/UA/2023<br>110/UA<br>131/A/UA/2020 |
| 4 | 4 | 8 | 2/UA/2021<br>177/UA<br>206/UA<br>220/B/UA/2020<br>261/UA<br>264/A/UA/2020<br>301/A/UA/2021<br>354/B/UA/2021 |
| 5 | 5 | 2 | 2/UA<br>302/A(UA/2024-2025) |
| 6 | 7 | 4 | 1/UA<br>267/A/UA/2022<br>286/A/UA/2022<br>287/B/UA/2020 |
| 7 | 10 | 1 | 10/UA |
| 8 | 11 | 4 | 4/UA<br>154/B/UA/2021<br>259/B/UA/2020<br>267/UA |
| 9 | 12 | 1 | 283/UA |
| 10 | 13 | 2 | 1/UA<br>18/A/UA/2022 |
| 11 | 14 | 1 | 163/A/UA/2023 |
| 12 | 15 | 1 | 202/A/UA/2023 |
| 13 | 16 | 5 | 1/UA<br>199/A/UA/2023<br>209/A/UA<br>212/A/UA/2022<br>342/C/UA/2023 |

| | | | |
|---|---|---|---|
| 14 | 17 | 7 | 78/A(UA/2023-2024)<br>192/UA<br>192/A/UA/2022<br>192/B/UA/2022<br>193/UA<br>194/UA<br>194/A/UA/2022 |
| 15 | 19 | 1 | 404/A/UA/2021 |
| 16 | 21 | 1 | 297/A/UA/2022 |
| 17 | 23 | 1 | 534/UA |
| 18 | 26 | 1 | 225/A1/UA/2022 |
| 19 | 27 | 1 | 83/A/UA/2023 |
| 20 | 31 | 1 | 95/A/UA/2023 |
| 21 | 33 | 3 | 74/A/(UA/2023-2024)<br>267/A/UA/2023<br>357/A/UA/2022 |
| 22 | 37 | 12 | 2/UA , 3/UA , 5/UA , 171/A/UA/2019 ,<br>179/A/UA/2021 , 194/A/UA/2020 ,<br>200/UA , 200/A/UA2019 , 222/A/UA/2022 , 267/UA , 268/C/UA/21 , 272/UA |
| 23 | 38 | 8 | 7/UA , 13/UA/44/A/UA/2022, 124/A/UA/2021 , 131/A/UA/2023 ,<br>183/A/UA/2021 , 255/UA ,<br>258/A/UA/2020 , 329/A/UA/2020 |
| 24 | 39 | 6 | 16/UA , 30/ UA , 198/C/UA/2023,<br>198/B/UA/2022, 248/C/UA/2022,<br>252/D/UA/2022 |

മേൽ കെട്ടിടങ്ങളെ സംബന്ധിച്ചും അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ചും പൂരെ ചേർത്ത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1. പട്ടിക 1 പ്രകാരം UA നമ്പർ നൽകി നികുതി ചുമത്തിയ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതിവിവരം, ആയത് എന്തെങ്കിലും ആവശ്യങ്ങൾക്ക് നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നത് പരിശോധിക്കുകയോ ആയവ ക്രമവത്കരിക്കുന്നതിനോ നിയമലംഘനങ്ങൾ പൊളിച്ചു കളയുന്നതിനോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്. ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആക്കാര്യവും അറിയിക്കേണ്ടതാണ്.

2. പട്ടിക 1 ,2 എന്നിവയിലെ എല്ലാ കെട്ടിടങ്ങൾക്കും ചുമത്തിയിട്ടുള്ള വസ്തു നികുതിയിൽ കുടിശ്ശിക ഉള്ള കെട്ടിടങ്ങളിൽ ആയത് പൂർണ്ണമായും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. പട്ടിക 1, 2 എന്നിവയിലെ കെട്ടിടങ്ങൾക്ക് 2023 ലെ വസ്തുനികുതി പരിഷ്കരണം പ്രകാരമുള്ള പുതുക്കിയ നികുതി നിരക്കുകൾ ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. നഗരസഭാ പരിധിയിലെ മുഴുവൻ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തുകയും ആയതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ട് 2023-24 , ഖണ്ഡിക 1-15 പ്രകാരം മേൽ അപാകതകൾ നഗരസഭയുടെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിൽ തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 67/28.01.2026) ന് മറുപടി ലഭ്യമാക്കിയില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 ഡി പി സി അംഗീകാരം ലഭിച്ച എല്ലാ പ്രൊജക്ടുകളും സുലേഖ പത്രികയിൽ വന്നിട്ടില്ല

ജില്ലാ ആസൂത്രണ സമിതിയുടെ 04.03.2025 ലെ ഉത്തരവ് നം. 450/2024-25/DPC/DPO/MPM പ്രകാരം തിരൂരങ്ങാടി നഗരസഭയുടെ വാർഷിക പദ്ധതിയിൽ 462 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ 408 പ്രൊജക്ടുകളുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സുലേഖ ചെലവ് പത്രികയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രൊജക്ടുകളും താരതമ്യം ചെയ്യുമ്പോൾ സുലേഖ ചെലവ് പത്രികയിൽ വരാത്ത 54 പ്രൊജക്ടുകൾ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തേണ്ട പ്രൊജക്ടുകളാണെന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 47 | കരിങ്കൽകുളം നവീകരണം | 500000 |
| 2 | 64 | കരിമ്പിൽ സുന്ദരകളം എൻഎച്ച് കച്ചാൽ ലിങ്ക് റോഡ് കോൺക്രീറ്റ് ഡിവിഷൻ-20 | 300000 |
| 3 | 84 | എസ് സി ശ്മശാനങ്ങളുടെ നവീകരണം | 300000 |
| 4 | 91 | തോട് സൈഡ് ഭാഗം കെട്ടൽ | 300000 |
| 5 | 112 | വിവിധ സ്കൂളുകളിലെ ടോയിലെറ്റുകളുടെ അറ്റകുറ്റപ്പണി | 282588 |
| 6 | 117 | തോടുകളിലെ ചെളിനീക്കം ചെയ്യൽ | 500000 |
| 7 | 120 | മൂലൻ കോളനി ഇടവഴി കോൺക്രീറ്റ് ഡിവിഷൻ-13 | 250000 |
| 8 | 124 | അംഗനവാടി സെന്റർ നം75 തൊടിന്റെ കവാടം സ്ലാബും കൈവരിയും സ്ഥാപിക്കൽ | 200000 |
| 9 | 125 | അംഗനവാടി സെന്റർ നം 93 കിണർ നിർമ്മാണം | 150000 |
| 10 | 128 | ശുചിത്വവും നഗരസൗന്ദര്യവത്കരണവും | 600000 |
| 11 | 170 | ഘടകസ്ഥാപനങ്ങളുടെ വൈദ്യുതീകരണം | 500000 |
| 12 | 177 | നഗരസഭ ഓഫീസ് മെയിന്റനൻസ് | 500000 |
| 13 | 178 | അംഗൻവാടി സെന്റർ നം 110 കിണർ നിർമ്മാണം | 150000 |
| 14 | 180 | വിവിധ ഘടക സ്ഥാപനങ്ങളുടെ മെയിന്റനൻസ് | 500000 |
| 15 | 181 | വിവിധ അംഗണവാടികളുടെ മെയിന്റനൻസ് | 200000 |
| 16 | 184 | നഗരസഭ ഓഫീസിൽ സി സി ടി വി സ്ഥാപിക്കൽ | 600000 |
| 17 | 187 | റഷീദ് നഗർ റോഡ് നവീകരണം ഡിവിഷൻ 29 | 100000 |
| 18 | 208 | ജിഎച്ച്എസ് തിരൂരങ്ങാടി അടുക്കള നിർമ്മാണം | 200000 |
| 19 | 214 | നാഷണൽ ഇംഗ്ലീഷ് മീഡിയം റോഡ് നവീകരണം | 300000 |
| 20 | 218 | നവക്കായി കുളം നവീകരണം ഡിവിഷൻ 29 | 500000 |
| 21 | 219 | പഞ്ചായത്ത്കുളം നവീകരണം വാർഡ് 16 | 500000 |
| 22 | 271 | തിരൂരങ്ങാടി താലൂക്ക് ആശുപത്രി ലിഫ്റ്റ് സ്ഥാപിക്കൽ | 4400000 |
| 23 | 392 | താഴെചിന ജുമാ മസ്ജിദ് കൊയമോൻ റോഡ് ലിങ്ക് റോഡ് നവീകരണം വാർഡ് 26 | 225000 |
| 24 | 393 | ചെമ്പയിൽ ഇടവഴി വെഞ്ചാലി പാടം റോഡ് കോൺക്രീറ്റിംഗ് വാർഡ്/28 | 300000 |
| 25 | 395 | റോഡുകൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ | 400000 |
| 26 | 397 | പള്ളിയാളി റോഡ് കോൺക്രീറ്റിംഗ് | 100000 |
| 27 | 402 | കൊളക്കാടൻ പാത്ത് വേ കോൺക്രീറ്റിംഗ് വാർഡ്31 | 100000 |
| 28 | 407 | ജിഎച്ച്എസ് തൃക്കുളം കിണർ പുനരുദ്ധാരണം | 200000 |

| | | | |
|---|---|---|---|
| 29 | 413 | നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിലേക്ക് കുഴൽ കിണർ നിർമ്മാണം | 100000 |
| 30 | 418 | ചാലാട്ടിൽ അംഗൻവാടി നിർമ്മാണം വാർഡ്16 | 1000000 |
| 31 | 421 | ജിഎംയുപിഎസ് കക്കാട് സ്കൂൾ മെയിൻറനൻസ് | 700000 |
| 32 | 422 | താലൂക്ക് ആശുപത്രി പിറ്റ് നിർമ്മാണം | 100000 |
| 33 | 427 | കൊയങ്ങാൻ റോഡ് നവീകരണം വാർഡ്27 | 100000 |
| 34 | 440 | കാച്ചടി ക്ഷേത്ര റോഡ് കോൺക്രീറ്റ് വാർഡ് 13 | 150000 |
| 35 | 442 | ചെമ്മാട് ബ്ലോക്ക് റോഡ് നവീകരണം | 1000000 |
| 36 | 447 | താലൂക്ക് ആശുപത്രിയിലെ മെയിന്റനൻസ് പ്രവൃത്തികൾ | 200000 |
| 37 | 474 | ഹോമിയോ ഡിസ്പെൻസറി പെയിന്റിംഗ് | 50000 |
| 38 | 482 | ജിഎംയുപി സ്കൂൾ കക്കാട് ടോയ്ലറ്റ് നിർമ്മാണം | 1300000 |
| 39 | 486 | ജിഎംയുപി സ്കൂൾ വെന്നിയൂർ ടോയ്ലറ്റ് നിർമ്മാണം | 1300000 |
| 40 | 488 | ജിഎച്ച്എസ്എസ് തിരൂരങ്ങാടി സെമിനാർ ഹാൾ പാർട്ടീഷൻ | 200000 |
| 41 | 496 | പാലത്തിങ്ങൽ നഗരസഭ ഭൂമിക്ക് ചുറ്റ് വേലി കെട്ടി സംരക്ഷിക്കൽ | 200000 |
| 42 | 503 | പരപ്പാട് തോട് സൈഡ് കെട്ടലും സ്ലാബ് നിർമ്മാണവും | 200000 |
| 43 | 512 | ചേലം കൃഷി റോഡ് നിർമ്മാണം ഡിവിഷൻ-13 | 200000 |
| 44 | 516 | ചുറ്റിയിൽ ഇടവഴി കോൺക്രീറ്റിംഗ് ഡിവിഷൻ- 15 | 100000 |
| 45 | 520 | സി കുഞ്ഞഹമ്മദ് ഹാജി റോഡ് കോൺക്രീറ്റിംഗ് ഡിവിഷൻ-26 | 250000 |
| 46 | 521 | വലിയാട്ട് മൊഹസൽ റോഡ് കോൺക്രീറ്റിംഗ് ഡിവിഷൻ-26 | 250000 |
| 47 | 533 | പിഎംഎസ്എ സ്കൂൾ കാച്ചടി ടോയ്ലറ്റ് നിർമ്മാണം | 1000000 |
| 48 | 535 | കക്കാടംപാടം തോട്ടിലെ ചെളി നീക്കം ചെയ്യൽ | 400000 |
| 49 | 539 | പിഎസ്എംഒ എൻഎസ്എസ് റോഡ് ഡ്രൈനേജ് നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കൽ ഡിവിഷൻ-25 | 150000 |
| 50 | 542 | കാച്ചടി സ്കൂൾ റോഡ് സൈഡ് കോൺക്രീറ്റ് ഡിവിഷൻ- 13 | 200000 |
| 51 | 547 | അങ്ങിച്ചേരി റോഡ് ഇന്റർലോക്ക് ഡിവിഷൻ-24 | 200000 |
| 52 | 550 | മണിപറമ്പിൽ റോഡ് ഗതാഗതയോഗ്യമാക്കൽ ഡിവിഷൻ-39 | 100000 |
| 53 | 567 | പൂങ്ങാട്ട് റോഡ് ഉയർത്തി ഇന്റർലോക്ക് ഡിവിഷൻ-23 | 350000 |
| 54 | 568 | കല്ലുപറമ്പൻ ഇബ്രാഹിം ഹാജി സ്മാരക റോഡ് ബാക്കി ഭാഗം ഇന്റർലോക്ക് ഡിവിഷൻ-23 | 200000 |

ഡി പി സി അംഗീകാരം നേടിയിട്ടും മേൽ പ്രൊജക്ടുകൾ സുലേഖയിൽ ഉൾപ്പെടാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. (സുലേഖയിൽ മേൽ പദ്ധതികൾ 'Send For Technical Sanction ' എന്ന സ്റ്റാറ്റസിലാണ് കാണിച്ചിട്ടുള്ളത്.) ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 69/28.01.2026) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി

| | |
|---|---|
| പ്രൊജക്ട് നംബർ | 161/25 - താലൂക്ക് ആശുപത്രിയിലെ വൈദ്യുതി,ഫോൺ,വെള്ള കരങ്ങളും,മറ്റ് കണ്ടിജൻസി ചെലവുകൾ |
| അടങ്കൽ | ₹70,00,000/- (മെയിന്റനൻസ് ഫണ്ട്(റോഡിതരം)) |
| ആകെ ചെലവ് | 69,94,929/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ജി. ഒ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം നഗരസഭ മുഖേനയുള്ള വാങ്ങലുകളിൽ 25000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമായിട്ടുള്ള വാങ്ങലുകളും സേവനങ്ങളും ലിമിറ്റഡ് ടെണ്ടർ മുഖേനയും 1,00,000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടറിലൂടെയുമാണ് നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ചെലവുകൾ

മേൽ ഉത്തരവിന് വിരുദ്ധമായാണ് നടപ്പിലാക്കിയിട്ടുള്ളത്.

വൗച്ചർനം.&തീയതി JM 101200-24000572/22.3.2025: തുക 15,46,293

തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റലിലേക്ക് പി.പി.ഏജൻസീസ്,കണ്ടായിത്തോട്എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ട് മെഡിക്കൽ ഓക്സിജൻ (Medical Oxygen .7@330&L6 Btype@140രൂപ) വാങ്ങുന്നതിന് 5,41,350 രൂപയും Southern Air Products കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ലിക്വിഡ് ഗ്യാസ് വാങ്ങുന്നതിന് 4,07,756 രൂപയും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടപടികൾ നടത്തിയതിന് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.31/22.1.2026) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ താലൂക്ക് ആശുപത്രിയിലേക്ക് ഓക്സിജൻ നല്കിയിട്ടുള്ള പി.പി.ഏജൻസി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിച്ച് വാങ്ങലുകൾ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 വീട് പുനരുദ്ധാരണം- അധികം തുക അനുവദിച്ചത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ: ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഓഫീസർ

| പ്രൊജക്ട് വിശദാംശങ്ങൾ | കൈമാറിയ തുക/വൗച്ചർ നം / തീയതി |
|---|---|
| 74/25 | |
| വീട് പുനരുദ്ധാരണം-എസ്.സി (New) | 1.24000720/11.03.2025 - തുക 3,00,000 |
| അടങ്കൽ:70435/-(വികസനഫണ്ട്) | 2.24000658/ 24.03.2025 - തുക 2,25,000 |
| 12,79,565 (എസ്.സി.പി.) | 3.24000655/ 25.03.2025 - തുക 7,50,000 |
| ചെലവ്: 12,75,000 (എസ്.സി.പി) | |

തിരൂരങ്ങാടി നഗരസഭയുടെ 2024-25 വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് വീട് പുനരുദ്ധാരണ പ്രവൃത്തിക്ക് അഡ്വാൻസ് തുകയായി ഗുണഭോക്താക്കൾക്ക് 75000 രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ക്രമ നം. 3 ൽ പ്രകാരം ശ്രീമതി കാർത്ത്യായനി.പി.പി, പാലക്കപറമ്പിൽ എന്നവർക്ക് 75000 രൂപ നൽകുന്നതിന് പകരം 7,50,000 /-രൂപ അനുവദിച്ചിട്ടുണ്ട്. ടിയാൾക്ക് 6,75,000 രൂപ തെറ്റായി അധികം അനുവദിച്ചിട്ടുണ്ട്.

മറ്റ് അപാകതകൾ

1. ശ്രീമതി.കാർത്ത്യായനി.പി.പി.യുടെ വീട് പുനരുദ്ധാരണത്തിനുള്ള അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2 .ടിയാളുടെ ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
3 ഗുണഭോക്താക്കളുമായുള്ള കരാറിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. 2024-25 വർഷത്തെ കാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ 6,75,000 രൂപ മേൽ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതും അപാകതകൾക്ക് മറുപടി/ വിശദീകരണം ലഭ്യമാക്കുന്നതിനുമായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.36/24.1.2026) ലഭ്യമാക്കിയ മറുപടിയിൽ അധികം നല്കിയ തുക 10 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് 21.1.2026തീയതിയിലെ 706306/2026 നമ്പർ കത്തു പ്രകാരം ഗുണഭോക്താവിന് നോട്ടീസ് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഗുണഭോക്താവ് രശീതി നം. R-M101200-25020754 തീയതി 30.1.2026 പ്രകാരം 2,70,000 രൂപയും രശീതി നം.M101200-25021150 തീയതി 07.02.2026 പ്രകാരം 4,05,000രൂപയും തിരിച്ചടച്ചിട്ടുണ്ട്. 6750000 രൂപ സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് അടവാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-40 വാങ്ങലുകളിൽ ടെണ്ടർ /ക്വട്ടേഷൻ നടപടികൾ പാലിച്ചില്ല

നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

I) പദ്ധതി : വയോജനങ്ങളുടെ മാനസികോല്ലാസത്തിനുള്ള പരിപാടികൾ സംഘടിപ്പിക്കൽ (പ്രൊജക്ട് നം.196/25)

അടങ്കൽ - 1,00,000/- (വികസനഫണ്ട് ജനറൽ)

ചെലവ് - 97,110/- (വികസനഫണ്ട് ജനറൽ)

വൗച്ചർ നം. J-M101200-24000638/05.02.2025 Rs. 58000

വൗച്ചർ നം. J-M101200-24000734/17.03.2025 Rs. 39110

മേൽ പദ്ധതി പ്രകാരം വയോജനങ്ങളുടെ മാനസികോല്ലാസത്തിനുള്ള പരിപാടിയായി വയോജന കലോത്സവം സംഘടിപ്പിച്ച വകയിൽ താഴെ പറയും പ്രകാരം തുക നൽകിയതായി കാണുന്നു.

| ക്രമ നം | സ്ഥാപനം/ഗുണഭോക്താവിന്റെ പേര് | ഉദ്ദേശ്യം | നൽകിയ തുക |
|---|---|---|---|
| 1 | ഹോട്ടൽ ചന്ദ്രാസ്, തൃക്കളം, അമ്പലപ്പടി ഗോപിനാഥൻ പള്ളിക്കര | ചായ, പലഹാരം, നെയ്ച്ചോറ്, ചിക്കൻ കറി | 58000 |
| 2 | ഗ്രീൻ ലാന്റ് കൺവെൻഷൻ സെന്റർ, കക്കാട് ചെമ്മാട് | ഓഡിറ്റോറിയം | 25000 |
| 3 | കെ എം എസ് ലൈറ്റ് & സൗണ്ട്, സലീം ഇല്ലിക്കൽ | ലൈറ്റ് & സൗണ്ട് | 10000 |

*2) ഭിന്നശേഷിക്കാരുടെ കലോത്സവം (പ്രോജക്ട് നം. 192/25)*

അടങ്കൽ - 75,000/- (വികസനഫണ്ട് ജനറൽ)

ചെലവ് - 54,275/- (വികസനഫണ്ട് ജനറൽ)

വൗച്ചർ നം. J-M101200-24000648/22.03.2025 Rs. 42475

വൗച്ചർ നം. J-M101200-24000813/25.03.2025 Rs. 11800

മേൽ പദ്ധതി പ്രകാരം ഭിന്നശേഷിക്കാരുടെ കലോത്സവം സംഘടിപ്പിച്ച വകയിൽ താഴെ പറയും പ്രകാരം തുക നൽകിയതായി കാണുന്നു.

| ക്രമ നം | സ്ഥാപനം/ഗുണഭോക്താവിന്റെ പേര് | ഉദ്ദേശ്യം | നൽകിയ തുക | ബിൽ നം. |
|---|---|---|---|---|
| 1 | ഹോട്ടൽ ചന്ദ്രാസ്, തൃക്കളം, അമ്പലപ്പടി ഗോപിനാഥൻ പള്ളിക്കര | ഭക്ഷണം ഉണ്ടാക്കിയ വകയിൽ | 10400 | 363/21.02.2025 |
| 2 | ഐശ്വര്യ ഹാൾ | ഓഡിറ്റോറിയം | 8000 | 1363/22.02.2025 |
| 3 | കെ എം എസ് ലൈറ്റ് & സൗണ്ട്, കക്കാട്, സലീം ഇല്ലിക്കൽ | ലൈറ്റ് & സൗണ്ട് | 8500 | 1130/21.02.2025 |
| 4 | റഫീഖ് ഹോം സെന്റർ, പരപ്പനങ്ങാടി | 750 Ml SS Bottle | 20475 | 32329/21.02.2025 |

മേൽ രണ്ട് പ്രോജക്ടുകളുടെയും നടത്തിപ്പ് രേഖകൾ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികളും ആയതിന് മുകളിലുള്ള ചെലവുകൾക്ക് ടെണ്ടർ നടപടികളും സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പട്ടികയിൽ ചേർത്ത വാങ്ങലുകളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.
പരിപാടികൾ പെട്ടെന്ന് സംഘടിപ്പിക്കാൻ ഉള്ളത് കൊണ്ടാണ് വാങ്ങലുകളിൽ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ പോയതെന്നും ഇനി പ്രോജക്ടുകളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/24-24/21.01.2026) ന് മറുപടി ലഭ്യമാക്കി. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വാങ്ങലുകളിൽ സുതാര്യത ഉറപ്പ് വരുത്താൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രമിക്കുന്നില്ല എന്ന അപാകത ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-41 ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലേലം ചെയ്ത് വാടക വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

തിരൂരങ്ങാടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്വരാജ് ഷോപ്പിംഗ് കോംപ്ലക്സിലെ 24 കടമുറികളിൽ (താഴത്തെ നില-12, ഒന്നാം നില – 6, രണ്ടാം നില - 6) 10 കടമുറികൾ (താഴത്തെ നില-9, ഒന്നാം നില – 1) 07.11.2025 ൽ ലേലം വിളിച്ച് വാടകക്ക് നൽകിയതായി ഫയൽ പരിശോധനയിൽ കണ്ടു. എന്നാൽ നാളിത് വരെയായി വാടക ഇനത്തിൽ നഗരസഭക്ക്

വരവ് ലഭിച്ചിട്ടില്ല. വാടകക്കാരുമായി വ്യക്തമായ എഗ്രിമെന്റ് വെച്ച് വാടക ഈടാക്കാനും അവശേഷിക്കുന്ന കടമുറികൾ പുനർലേലം ചെയ്യാനും 24.01.2026 ലെ കൗൺസിൽ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (45/24-25/24.01.2026) ന് മറുപടി ലഭ്യമാക്കി. വാടകയ്ക്ക് നൽകിയ കടമുറികൾക്ക് വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് വെക്കുന്നതിനും അവശേഷിക്കുന്ന കടമുറികൾ മാനദണ്ഡങ്ങൾ പൂർണമായി പാലിച്ച് പുനർലേലം ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-42 വാടകകുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചന്തപ്പടിയിലുള്ള കെട്ടിടത്തിലെ 28/228 എന്ന മുറി ശ്രീമതി. പാർവ്വതി, കുടുംബശ്രീ, സി. ഡി. എസ്സിന് വാടകയ്ക്ക് നൽകിയതാണ്. വാടക രജിസ്റ്റർ പ്രകാരം ഈ കടമുറിയുടെ 2025 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക അടവാക്കിയതായി കാണുന്നില്ല (1500/Month). ഈ മാസങ്ങളിലെ വാടക അടവാക്കുന്നതിനായി 28.01.2025, 10.04.2025, 30.07.2025 എന്നീ തിയ്യതികളിലായി വാടകക്കാരിക്ക് കത്ത് നൽകിയതാണെന്നും അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 50/24-25/27.01.2026) മറുപടി ലഭ്യമാക്കി. വാടക കുടിശ്ശിക ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതും അർഹമായ പിഴ സഹിതം വാടക ഈടാക്കിയ വിവരം അറിയിക്കേണ്ടതുമാണ്.

## 1-43 മൈലിക്കൽ ശ്മശാനം ആധുനികവൽക്കരണം- പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

കെ-സ്മാർട്ട് ഫയൽ നമ്പർ-1436900-2024

നിർവ്വഹണം- സെക്രട്ടറി

തിരൂരങ്ങാടി നഗരസഭയിലെ മൈലിക്കൽ ശ്മശാനത്തിൽ മോഡേൺ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് DPR തയ്യാറാക്കുന്നതിന് Centre Of Science And Technology For Rural Development ,Ayyanthole, Thrissur (COSTFORD) എന്ന സ്ഥാപനം ക്വാട്ട് ചെയ്ത 1.7%+ Gst എന്ന നിരക്ക് കൗൺസിൽ അംഗീകരിച്ചിരുന്നു ( 1.7.2024 ലെ 2(2) തീരുമാനം) . ആയത് പ്രകാരം 20.9.2024 ന് കോസ്റ്റ്ഫോർഡുമായി എഗ്രിമെന്റ് വെക്കുകയും (എഗ്രിമെന്റ് നം.14/2024-25) എഗ്രിമെന്റ് പ്രകാരം മൊത്തം തുകയുടെ 20% തുക 30090 രൂപ കോസ്റ്റ്ഫോർഡിന് മുൻകൂർ നൽകുകയും ചെയ്തു. ഇത് കൂടാതെ 16,344 രൂപ സോയിൽ ടെസ്റ്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിക്ക് വേണ്ടി ഓഡിറ്റ് വർഷത്തെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശം | ചെലവ് തുക | വൗച്ചർ നമ്പർ/തിയതി |
|---|---|---|---|
| 1 | മൈലിക്കൽ ശ്മശാനം ആധുനികവൽക്കരണം, ഡി.പി.ആർ. തയ്യാറാക്കൽ , മറ്റ് അനുമതികൾ വാങ്ങുന്നതിനുള്ള ചെലവുകൾ<br>പ്രോജക്ട് നമ്പർ- 416/25<br>അടങ്കൽ- 250000 (ഫണ്ട്- പ്ലാൻ ജനറൽ-180000, തനത്-70000)<br>ചെലവ്- 46434 | 46434 (തനത്ഫണ്ട്) (30090+16344) | P-M101200-24000461/ 19.12.2024, 30090/- P-M101200-24000427/5.12.2024, 16344/- |

കോസ്റ്റ് ഫോർഡിന്റെ COSTFORD/3882/2024, തി-27.6.2025 നമ്പർ കത്ത് പ്രകാരം ഡി.പി.ആർ തയ്യാറാക്കി നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം അന്വേഷിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-17/2024-25/20.1.2026 നമ്പർ മറുപടിയോടൊപ്പം ഡി.പി.ആർ. പരിശോധനക്ക് ഹാജരാക്കി. ഡി.പി.ആർ പ്രകാരം ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന് 97,50000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ആയത് ഭരണ സമിതി യുടെ 20.8.2025 ലെ 3 (1) നമ്പർ യോഗ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിച്ച് ശ്മശാനം ആധുനികവൽക്കരിക്കുന്നതിന് 2025-26 വർഷം പ്രോജക്ട് തയ്യാറാക്കുകയും ( പ്രോജക്ട് നം. 207/26) പ്രവൃത്തി ടെണ്ടർ ചെയ്തതിൽ പി.എം.സി. വ്യവസ്ഥയിൽ Y-Shakh Project Management Consultancy Service, Kollam എന്ന സ്ഥാപനത്തിന്റെ (3.85% എന്ന സെന്റേജ് നിരക്ക് ) ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്റ്റാറ്റസ് ലഭ്യമാക്കേണ്ടതാണ്.

## 1-44 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് വിവരങ്ങൾ

ലഭ്യമാക്കേണ്ടതാണ്

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്. സ.ഉ(സാധാ) നം. 1228/2024/LSGD തിയതി 06.07.2024 പ്രകാരം മുനിസിപ്പാലിറ്റികളിലെ K-Smart വഴിയുള്ള വസ്തു നികുതി ഡാറ്റാ വെരിഫിക്കേഷൻ 2024 സെപ്റ്റംബർ 30-നകം പൂർത്തീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നതുമാണ്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിന ശേഷം ഏത് സമയത്തും സെക്രട്ടറി രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ1/20/2018-തസ്വഭവ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്യുപൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്യുപൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചും കെട്ടിടങ്ങളെ/വസ്തു നികുതി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നഗരസഭയുടെ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തേണ്ടത് സംബന്ധിച്ചുമാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്.

മേൽ ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് നഗരസഭ പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും, വിവരങ്ങളും, ഫീൽഡ് പരിശോധനക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 61/24-25/27.01.2026) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.
നഗരസഭയിലെ കെട്ടിടങ്ങൾ ജി ഐ എസ് മാപ്പിംഗ് മുഖേന വിവരശേഖരണം നടത്തുന്നതിന് കൗൺസിലിന്റെ 24.06.2025 ലെ സാധാരണ യോഗത്തിലെ 7-)ാം നമ്പർ തീരുമാന പ്രകാരം അനുമതി ലഭിച്ചതിനാൽ ടി വിഷയം 2025-26 വാർഷിക പദ്ധതിയിലെ 473/25-26 നമ്പർ പ്രൊജക്ടായി ഉൾപ്പെടുത്തി ഡി പി സി അംഗീകാരം വാങ്ങിയതും 07.09.2025 ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ധാരണ പത്രത്തിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. ആയത് പ്രകാരം നഗരസഭയിലെ കെട്ടിടങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും നികുതി പുനഃനിർണ്ണയിക്കുന്നതിനുമുള്ള പ്രവൃത്തി നടന്ന് വരുന്നു.
തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-45 നഗരസഭ പരിധിയിലെ ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയ്ക്ക് വസ്തു നികുതി ചുമത്തിയില്ല

ബഹു. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22.03.2023 ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭയിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം തിരൂരങ്ങാടി നഗരസഭ കൗൺസിൽ 07.06.2023 തിയ്യതിയിലെ 16 നമ്പർ പ്രകാരം തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയ്ക്ക് വസ്തു നികുതി ചുമത്തേണ്ടതാണ്.
നിലവിൽ തിരൂരങ്ങാടി നഗരസഭയിലെ വാർഡുകളിൽ പ്രവർത്തിക്കുന്ന ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവക്ക് നമ്പർ നൽകി വസ്തു നികുതി ചുമത്തിയിട്ടില്ലെന്നും നഗരസഭാ പരിധിയിലെ ടർഫുകൾ, സ്വിമ്മിങ് പൂളുകൾ എന്നിവയുടെ വിസ്തീർണ്ണം അളന്ന കണക്കാക്കി നൽകാൻ 31.10.2025 ലെ 5624239-2025 പ്രകാരം സാങ്കേതിക വിഭാഗത്തിന് ഫയൽ

കൈമാറിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (62/24-25/27.01.2026) മറുപടി ലഭ്യമാക്കി. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-46 കല്ലൂക്കയം പദ്ധതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ-നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്.

നഗരസഭയുടെ 2023-24 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നഗരസഭയുടെ ഫണ്ട് ഉപയോഗിച്ച് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കല്ലൂക്കയം പദ്ധതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ- ( 165/24) എന്ന പദ്ധതിക്കായി നഗരസഭ 4 കോടി രൂപ കേരള ജല അതോറിറ്റിയിലേക്ക് അടവാക്കിയിരുന്നു. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല. മേൽ പദ്ധതിയുടെ തുടർച്ചയായി 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 75 ലക്ഷം രൂപ കല്ലൂക്കയം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ റോഡ് റീസ്റ്റോറേഷന് വേണ്ടി വകയിരുത്തിയിരുന്നു (പ്രോജക്ട് നമ്പർ-561/25). എന്നാൽ പ്രസ്തുത പ്രവൃത്തി ടി വർഷം പൂർത്തീകരിക്കുകയോ ഫണ്ട് ചെലവഴിക്കുകയോ ചെയ്തിട്ടില്ല. മേൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-63/2024-25/28.1.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-47 പി.എം.എ.വൈ - ലൈഫ് ഭവന നിർമ്മാണത്തിൽ പുരോഗതിയില്ല.

നഗരസഭയിൽ നടപ്പാക്കുന്ന പി.എം.എ.വൈ - ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി പരിശോധിച്ചതിൽ ഭവന നിർമ്മാണ പ്രവൃത്തികൾ വളരെ മന്ദഗതിയിലാണ് നടക്കുന്നതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഭവന നിർമ്മാണം ത്വരിതപ്പെടുത്തുവാൻ ഫീൽഡ് തല ക്യാമ്പയിൻ നടത്തുന്നതിന് തുടർ നടപടി സ്വീകരിക്കാൻ 24.6.2024 ലെ കൗൺസിൽ തീരുമാന പ്രകാരം (തീരുമാനം- 4/1) സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ നേതൃത്വത്തിൽ 10.10.2024 ന് ഫീൽഡ് വിസിറ്റ് നടത്തിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ആശാവഹമായ പുരോഗതിയുണ്ടായിട്ടില്ല. 2021-22 വർഷം മുതൽ ആരംഭിച്ച ഭവന നിർമ്മാണ പ്രോജക്ടുകളിൽ ഉൾപ്പെട്ട അഥവാ DPR- 8, 9, 10 എന്നിവയിൽ ഉൾപ്പെട്ടതായ എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണങ്ങളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു . (ഓഡിറ്റ് എൻക്വയറി നമ്പർ-58/2024-25/27.1.2026 നുള്ള മറുപടിയായി ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് )

| DPR | അനുവദിച്ച എണ്ണം/ വെച്ച ഗുണഭോക്താക്കളുടെ എണ്ണം | | വീടുകളുടെ എഗ്രിമെന്റ് | നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം | തറ മാത്രം പൂർത്തീകരിച്ചത് (എണ്ണം) | ലിന്റൽ വരെ എത്തിയത് (എണ്ണം) | റൂഫ് വരെ എത്തിയവർ (എണ്ണം) | പൂർത്തീകരിച്ചവർ (എണ്ണം) |
|---|---|---|---|---|---|---|---|---|
| | ജനറൽ | എസ്.സി | ആകെ | | | | | |
| 8 | 35 | 4 | 39 | 2 | 2 | 6 | 19 | 10 |
| 9 | 63 | 4 | 67 | 5 | 5 | 4 | 40 | 13 |
| 10 | 13 | 3 | 16 | 5 | 2 | 2 | 5 | 2 |
| ആകെ | 111 | 11 | 122 | 12 | 9 | 12 | 64 | 25 |

എഗ്രിമെന്റ് വെച്ച 122 പേരിൽ 12 പേർ നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും ഭവന നിർമ്മാണം ആരംഭിച്ച 110 പേരിൽ 25 പേർ മാത്രമാണ് വീട് പണി പൂർത്തീകരിച്ചിട്ടുള്ളതെന്നും മേൽ പട്ടികയിൽ നിന്നും വ്യക്തമാകുന്നു. ഭവന നിർമ്മാണങ്ങൾ പാതി വഴിയിൽ നിൽക്കുന്നത് നഗരസഭയുടെ സാമൂഹ്യ നീതി നടപ്പിലാക്കാനുള്ള സ്വപ്നങ്ങൾക്ക് തടസ്സം നിൽക്കുന്നതാണ്. പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്തുന്നതിന് ക്രിയാത്മകമായ നടപടികൾ കൗൺസിലിന്റെ ഭാഗത്ത് നിന്നും നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതായുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കൗൺസിലും, നിർവ്വഹണ ഉദ്യോഗസ്ഥനും സക്രിയ ഇടപാടുകൾ നടത്തേണ്ടതും കൈവരിച്ച പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

## 1-48 എസ്.എസ്.എ. പദ്ധതിക്ക് തുക അടവാക്കി – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നഗരസഭയുടെ 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം ആകെ 39,00,000/- രൂപ പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള യുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 0819101104302 )

നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേരും നമ്പരും | ചെലവ് തുക | വൗച്ചർ നമ്പർ/ തീയതി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|
| എസ് എസ് കെ പദ്ധതിക്ക് തുക വകയിരുത്തൽ പ്രോജക്റ്റ് നം: 383/25 (സ്പിൽഓവർ) | 1500000<br>1500000 | 24000595/29.1.2025<br>24000576/21.3.2025 | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, തിരൂരങ്ങാടി |
| ഹരിതം- പ്ലാൻ ജനറൽ എസ്.എസ്.കെ. പദ്ധതിക്ക് നഗരസഭാ വിഹിതം പ്രോജക്റ്റ് നം. 160/25, അടങ്കൽ- 1982588 | 900000 | 24000790/18.3.2025 | സെക്രട്ടറി |
| ആകെ | 3900000 | | |

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.86/2022/തസ്വഭവ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം നഗരസഭകൾ **ഗവൺമെന്റ്** നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണെന്നും എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണമെന്നും പ്രോജക്റ്റ് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്റ്റിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്റ്റ് ഓഫീസർ അറിയിക്കേണ്ടതാണെന്നും എസ്.എസ്.കെ. വിഹിതവും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശ ഭരണസ്ഥാപന ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നും മേൽ ഉത്തരവിൽ നിർദ്ദേശമുള്ളതാണ്. നഗരസഭ കൈമാറിയ തുക നഗരസഭാ പരിധിയിൽപ്പെട്ട സ്കൂളുകളിൽ ചെലവഴിച്ചതിന്റെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം ബില്ലുവൗച്ചറിന്റെയടിസ്ഥാനത്തിൽ എസ്.എസ്.കെ. ലഭ്യമാക്കേണ്ടതുണ്ട്.

എന്നാൽ നഗരസഭ കൈമാറിയ തുകയുള്ള വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ. ലഭ്യമാക്കിയിട്ടില്ല. നഗരസഭാ പരിധിയിലുള്ള ഓരോ സ്കൂളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ / പരിപാടികൾ നഗരസഭയെ അറിയിച്ചിട്ടില്ല. നഗരസഭാ ഭാരവാഹികളുടെ ഇടപെടലോ പങ്കാളിത്തമോ പ്രോജക്റ്റ് നിർവ്വഹണത്തിൽ ഉണ്ടായതായി വിവരം ലഭ്യമാക്കിയിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 9/2024-25/19.1.2026 ന് വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ.യിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതാണ് മറുപടി ലഭ്യമാക്കി. എസ്.എസ്.കെ.യിൽ നിന്നും വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-49 കോക്ലിയാർ ഇംപ്ലാന്റേഷൻ റിപ്പയറിംഗ് വിഹിതം അടവാക്കൽ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതി | കോക്ലിയാർ ഇംപ്ലാന്റ്- റിപ്പയറിംഗ് വിഹിതം അടവാക്കൽ. (384/25) |
| അടങ്കൽ | 100000 (പ്ലാൻ ഫണ്ട്) |
| ചെലവ് | 100000 |
| വൗച്ചർ നമ്പർ | 24000549/22.5.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| കെ-സ്മാർട്ട് ഫയൽ നമ്പർ | 1008696-2024 |

സ.ഉ. (കൈ) നം. 115/2022 തി. 28.05.2022 (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ) ഖ. 7.1.2 (ബി)(2) പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഇംപ്ലാന്റഡ് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ധനസഹായം നൽകാവുന്നതാണ്. ഇതിനായി ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ച കുട്ടികളുടെ

ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഓരോ കുട്ടിക്കും 50,000/- രൂപ നിരക്കിലുള്ള തുകയും കുട്ടികളുടെ ലിസ്റ്റും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരളക്ക് കൈമാറേണ്ടതാണെന്നും ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശഭരണ സ്ഥാപനം തുക വകയിരുത്തിയത് പ്രസ്തുത കുട്ടിയുടെ ആവശ്യകതയിലേക്ക് തന്നെ തുക വിനിയോഗിക്കണമെന്നും തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കണമെന്നും ഡിഎ1/284/2023/തസ്വഭവ തിയതി 09.11.2023 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം, 1) ജസ്ല ഫാത്തിമ D/O ജുനൈദ്. സി.വി, ചെള്ളപ്പുറത്ത് വീട് 2) ഫാദി അമൻ. എം.പി, D/O നസീർ എം.പി, അണയംചിറക്കൽ വീട് എന്നീ വിദ്യാർത്ഥികൾക്കായി ആകെ 100000/- രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയിട്ടുണ്ട് ( അക്കൗണ്ട് നം. 330100580000015) . എന്നാൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും 100000 രൂപക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. നഗരസഭ കൈമാറിയ തുക മേൽ കുട്ടികളുടെ ആവശ്യത്തിന് വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. [ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-21/2024-25/21.1.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-50 പത്താം തരം / പന്ത്രണ്ടാം തരം തുല്യത- രേഖകൾ ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹിച്ച പത്താം തരം പന്ത്രണ്ടാം തരം തുല്യത എന്ന പദ്ധതിയുടെ (2/25) ഭാഗമായി 10, +2 ക്ലാസുകളിലെ തുല്യത പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | പത്താം തരം പന്ത്രണ്ടാം തരം തുല്യത (2/25) |
| അടങ്കൽ | 276500/- (പ്ലാൻ-170000, ഉ.വി. 106500) |
| ചെലവ് | 219550 |
| വൗച്ചർ നം. | 24000692/21.1.2025 (പ്ലാൻ), 169050/-<br>ചെക്ക് നമ്പർ-106382/29.1.2025, 50500 (ഉ.വി.) |

മേൽ പദ്ധതി പ്രകാരം 35 പത്താം തരം പഠിതാക്കളുടേയും 50 പന്ത്രണ്ടാം തരം പഠിതാക്കളുടേയും കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ എന്നീയിനത്തിൽ 219550 രൂപ കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ രശീപ്റ്റ് രസീതി, ധനവിനിയോഗ സാക്ഷ്യപത്രം, പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റെയും തുല്യതാ പരീക്ഷ എഴുതിയതിന്റെയും വിശദാംശങ്ങൾ എന്നീ വിവരങ്ങൾ കെ-സ്മാർട്ട് ഫയലിൽ ലഭ്യമല്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-56/2024-25/27.1.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ആയതിന് Mord – ഡാറ്റ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെന്ററിംഗ് & ഷട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 24.01.2026 – ന് നഗരസഭ ഓവർസീയറുടെ സാന്നിധ്യത്തിൽ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ സൈറ്റ് പരിശോധിച്ചതിൽ ഫോം വർക്ക് (സെന്ററിംഗ് & ഷട്ടറിംഗ്) ചെയ്യാതെയാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. അപ്രകാരം സ്ഥലപരിശോധനാ റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. ആയതിനാൽ മേൽ പ്രവൃത്തിക്ക് ഫോം വർക്ക് ഇല്ലാത്ത ഇനത്തിനുള്ള ഒബ്സർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തുകയും ചെക്ക് മെഷർ ചെയ്യുന്നതിലെ അപാകത കാരണവും 15,816/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്റ്റ് | 548/25 – എൻഎസ്എസ് പോക്കാട്ട് റോഡ് ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും കോൺക്രീറ്റിങ്ങും ഡിവിഷൻ 22. |
| അടങ്കൽ / ചെലവ് | 3,50,000/273169 (തനത് ഫണ്ട്). |
| ടി.എസ് | 53278/2024/27.01.2025 (Cost Index 36.44%). |
| പ്രൈസ് ഐഡി | 53278/2024. |
| കരാർ. | 72/AE/LID-EW/TGI Dated 18.03.2025. |
| ടെണ്ടർ നിരക്ക് | 21.1% Below |
| വൗച്ചർ. | 24000842/31.03.2025 |
| കരാറുകാരൻ. | മുജീബ് റഹ്മാൻ.ടി |

അധിക ചെലവിന്റെ വിവരം.

| നൽകിയ തുക. | നൽകാവുന്ന തുക. | അധികം. |
|---|---|---|
| 225703.56 | 217009.09 | 10259 |
| (34.225m³ X 6594.698 (8358.30-1763.60)/M3) | (34.225m³ X 6340.66 (8036.33-1695.67/ M3) | [8694.47 + 18% GST] |

2.

| | |
|---|---|
| പ്രോജക്റ്റ് | 443/25 കുന്ന് കന്നിയിൽ റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് വാർഡ് 6. |
| അടങ്കൽ / ചെലവ് | 200000/157354 (തനത് ഫണ്ട്). |
| ടി.എസ്. | 86099/2024/12.11.2024 (Cost Index 36.44%). |
| പ്രൈസ് ഐഡി. | 86099/2024. |
| കരാർ. | 64/AE/LID-EW/TGI Dated 17.03.2025. |
| ടെണ്ടർ വേരിയേഷൻ | 21.3% Below |
| വൗച്ചർ | 24000842/31.03.2025 |
| കരാറുകാരൻ | കോയക്കുട്ടി. |

അധിക ചെലവിന്റെ വിവരം.

| നൽകിയ തുക. | നൽകാവുന്ന തുക. | അധികം. |
|---|---|---|
| 122251.76 | 117542.51 | 5557 |
| (18.585 M³ X 6577.98 (8358.30-1780.32)/M3) | ( 18.585 M³ X 6324.59 (8036.33-1711.74/M3) | [4709.25 + 18% GST] |

അപാകതകൾക്ക് മറുപടി നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. അപാകതക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (51/27.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടം 15,816/- രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 നെയിം ബോർഡ് സ്ഥാപിച്ചില്ല – കരാറുകാർക്ക് പണം അനുവദിച്ചു

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ 24.01.2026 ന് നഗരസഭ കൗൺസിലറുടെ സാന്നിധ്യത്തിൽ നേരിൽ സന്ദർശിച്ചു. പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാർക്ക് തുക അനുവദിച്ചതായി ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രവൃത്തി | ചെയ്യാത്ത ഇനം. | അനുവദിച്ച തുക. |
|---|---|---|---|
| 1 | 292/25 ദേവസ്വം കനാൽ റോഡ് കോൺക്രീറ്റിംഗ് അടങ്കൽ തുക 4,40,000/- | ഇനം 3 (Name | 1556 രൂപ Board [(1815-27.3%)+ 18% |

| | | |
|---|---|---|
| | ഫണ്ട് - Development Fund CFC<br>കരാറുകാരൻ - ശ്രീ കെ ഹൈദ്രോസ്<br>Cost Index -36.44% (DSoR 2018)<br>പ്രൈസ് ഐഡി - 111072/2023<br>Tender Verlation 27.37%<br>കരാർ -34/23-24/AE/LID&EW/TGI/Dated 06.02.2024<br>ചെലവ് തുക : 319432/-<br>വൗച്ചർ നമ്പർ -24000780/31.03.2025 (319432/-)<br>Duration 6 Month (As Per TS Slip ) | സ്ഥാപിച്ചത്) GST] |
| 2 | 548/25 എൻ എസ് എസ് പോക്കറ്റ് റോഡ് ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും കോൺക്രീറ്റിങ്ങും ഡിവിഷൻ 22<br>Price Id 53278/2024<br>ഫണ്ട് - തനത് ഫണ്ട്<br>വൗച്ചർ നമ്പർ - 24000842/31.03.2025<br>എം. ബുക്ക് - E MBook<br>കരാർ - 72/AE/LID-EW/TGI Dated 18.03.2025<br>മൂല്യനിർണ്ണയം - 273169 (GST ഉൾപ്പെടെ)<br>ടെണ്ടർ വേരിയേഷൻ : 21.1%<br>കരാറുകാരൻ - മുജീബ് റഹ്മാൻ<br>Cost Index -36.44% (DSoR 2018)<br>TS- 53278/ 27.01.2025 -3,50,000 | ഇനം 5 2546 രൂപ<br>(Name Board ([2735.08-21.1%)+ സ്ഥാപിച്ചത്) 18% GST] |
| 3 | 203/25 സഹകരണകോൺക്രീറ്റ് ഡിവിഷൻ -31<br>Price Id 105732/2024<br>വൗച്ചർ നമ്പർ - 24000849/31.03.2025-196865<br>ചെലവ് - 196865<br>കരാറുകാരൻ - മുജീബ് റഹ്മാൻ<br>ഫണ്ട് - തനത്<br>കരാർ - 60/AE/LID-EW/TGI Dated 15.03.2025<br>Estl.No. - 105732/2024<br>TS No. - 105732/2024/03.01.2025 | ഇനം 6 3062 രൂപ<br>(Name Board (2595.28+ 18% സ്ഥാപിച്ചത്) GST) |
| | ആകെ | 7164 |

പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് കരാറുകാർക്ക് പണം അനുവദിച്ചതിന് മറുപടി നൽകേണ്ടതും തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (54/24-25/26.01.2026) മറുപടി ലഭ്യമാക്കിയില്ല. ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് നൽകിയ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഇപ്രകാരം അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക്.

തിരൂരങ്ങാടി നഗരസഭയിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കലുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ് |
|---|---|---|---|---|
| 25 | 141500 | 141500 | 0 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം.* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ് |
|---|---|---|---|---|
| 1 | 3000 | 3000 | 0 | - |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | ആകെ | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| PMAY ലൈഫ് അർബൻ | | 30133332 | 0 | 30133332 | 3013333 | | 27119999 |

ഭവനപദ്ധതി
(HUDCO)

## 4-7 സ്ഥിരനിക്ഷേപങ്ങൾ

എ). സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 34416704 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 3353027 |
| ആകെ (₹) | 37769731 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 37769731 |

ബി). വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം.

| നിക്ഷേപത്തിന്റെ വിവരം | രശീതി/സർട്ടിഫിക്കറ്റ് നമ്പർ, തീയതി | തുക (₹) |
|---|---|---|
| കനറാ ബാങ്ക്, ചെമ്മാട് | 712525 | 2884452 |
| തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 020574 | 4613874 |
| തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 020575 | 8141711 |
| കേരള ഗ്രാമീൺ ബാങ്ക്: A/C 40275201200003 | | 7814400 |
| കേരള ഗ്രാമീൺ ബാങ്ക്: A/C 40275201200004 | | 983667 |
| കേരള ഗ്രാമീൺ ബാങ്ക്: A/C 40275201200010 | | 28205 |
| കേരള ഗ്രാമീൺ ബാങ്ക്: A/C 40275201900046 | | 119636 |
| കനറാ ബാങ്ക്, ചെമ്മാട് | 712637 | 11790449 |
| ആകെ | | 36376394 |

കുറിപ്പ്:- വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ രജിസ്റ്ററും AFS ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 2023-24 | 1-45 | 6600/- | ജലജ ആർ, ഐ സി ഡി എസ് സൂപ്പർവൈസർ | RM101200-24018629,24.02.2025 |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം തുടരുന്നു. |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് നമ്പറും തീയതിയും | തുക (₹) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1996-97 (ചാർജ്) | 35, 38(1), 40 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF7188/ Spl.Cell/ | 574 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് താമസം |

| | | | | | | |
|---|---|---|---|---|---|---|
| | | | | SC3/2000 Dt. 15.12.2001 | | നടപടിയും സ്വീകരിച്ചിട്ടില്ല. |
| 2 | 1996-97 (സർചാർജ്) | 57 | ശ്രീ.സി അനുജാക്ഷൻ, സെക്രട്ടറി | LF7188/ Spl.Cell/ SC3/2000 Dt. 15.12.2001 | 112 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. |
| 3 | 1996-97 (ചാർജ്) | 38(2), 38(3),44(എ), (ബി),45,46(എ), (ബി),48 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF7188/ Spl.Cell/ SC3/2000 Dt. 15.12.2001 | 83,151 | 80,269 രൂപ DCRG-യിൽ നിന്നും ഈടാക്കി, 2,882 ഈടാക്കാനവശേഷിക്കുന്നു. |
| 4 | 1996-97 (സർചാർജ്) | 50(i), 54,55,64 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF7188/ Spl.Cell/ SC3/2000 Dt. 15.12.2001 | 1,356 | 385 രൂപ ഈടാക്കാനവശേഷിക്കുന്നു. |
| 5 | 1998-99 (സർചാർജ്) | 44, 46(എ), 48,61,62 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF15741/ Spl.Cell/ SC5/04 Dt. 07.04.2005 | 39,881 | 38,989 രൂപ DCRG-യിൽ നിന്നും ഈടാക്കുകയും, 892 രൂപ സ്വയം അടവാക്കുകയും ചെയ്തു. |
| 6 | 1999-01 (സർചാർജ്) | 41, 42, 43 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF10627/ Spl.Cell/ SC5/05 Dt. 09.2010 | 73,243 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. |
| 7 | 2002-03 (സർചാർജ്) | 3-3 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF8486/ Spl.Cell/ SC5/09 Dt. 05.02.2010 | 9,044 | 9,044 രൂപ ഈടാക്കാനവശേഷിക്കുന്നു. |
| 8 | 2016-17 (സർചാർജ്) | 3-2 | ശ്രീമതി. സജില എസ്,അസിസ്റ്റന്റ് എഞ്ചിനീയർ | KSA7811/ Spl.Cell/ CSCD1/2018 Dt. 14.01.2021 | 14219 | 14219 രൂപ ഈടാക്കാനവശേഷിക്കുന്നു. |
| | | | ശ്രീ. പി കുഞ്ഞികുട്ടി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | 14220 | 14220 രൂപ ഈടാക്കാനവശേഷിക്കുന്നു |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 204068087 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 181868216 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22980 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70,77,000 |

ബി). നഗരസഭ ഫണ്ടിനങ്ങളായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|

| | | |
|---|---|---|
| 3-1 Part | 7908 | ശ്രീമതി. മിനിമോൾ കെ പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 Part | 7908 | ശ്രീമതി പ്രിയങ്ക.വി.എസ്, അസി.എക്സി.എഞ്ചിനീയർ |
| 3-2 Part | 2804 | ശ്രീമതി. മിനിമോൾ കെ പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 Part | 778 | ശ്രീ ഷാജി പി.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 Part | 3582 | ശ്രീമതി പ്രിയങ്ക.വി.എസ്, അസി.എക്സി.എഞ്ചിനീയർ |
| ആകെ | 22980 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2446055 | ശ്രീ. മുഹമ്മദ് മുഹ്സിൻ കെ പി, സെക്രട്ടറി |
| 1-24 | 1600000 | ശ്രീമതി. മിനിമോൾ കെ പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 120898 | ശ്രീ. ഷബീർ പി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 2910047 | ശ്രീ. ഷബീർ പി,അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 70,77,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും. | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം. | സ്ഥിരം മേൽവിലാസം. |
|---|---|---|
| ശ്രീമതി. മിനിമോൾ കെ പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറക്കടവ് ഗ്രാമപഞ്ചായത്ത്, പൊൻകുന്നം | എഴുകണ്ണേൽ ഹൗസ്, ലാക്കാട്ടൂർ പി.ഒ, കോട്ടയം-686502 മൊബൈൽ നം. 9496173550 Email Id : Mkpkeecheri@Gmail.Com |
| ശ്രീമതി പ്രിയങ്ക.വി.എസ്, അസി.എക്സി.എഞ്ചിനീയർ (PEN-606698) | അസി.എക്സി.എഞ്ചിനീയർ,തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്. | വൈജയന്ത് TC 11/1665 പാരപ്പിറ റോഡ്,കവടിയാർ പി.ഒ,തിരുവനന്തപുരം,695003 ഫോൺ:9847168144 Shajuneelima@Gmail.Com |
| ശ്രീ ഷാജി പി.എം. അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്) | ഓവർസീയർ ഗ്രേഡ് I സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസ്, കുന്നമംഗലം, കോഴിക്കോട് | പൊന്നാമ്പലത്ത് വടക്കേകുന്ന പറമ്പിൽ, കെട്ടുങ്ങൽ, ഫാറൂഖ് കോളേജ് പി.ഒ., ഫാറൂഖ് കോളേജ്, കോഴിക്കോട് - 673 632 ഇ-മെയിൽ : Tectonishah@Gmail.Com |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1979-80 | എൽ.എഫ്.എം.15/2018/94 തീയതി 03.07.10 | 11 |
| 2 | 1982-83 | എൽ.എഫ്.എം.9/2021/94 തീയതി 03.10.10 | 40 |
| 3 | 1985-86 | എൽ.എഫ്.എം.9/2024/94 തീയതി 10.10.10 | 4 |
| 4 | 1988-89<br>1989-90 | എൽ.എഫ്.എം.6/214/95 തീയതി 10.10.10 | 2 |
| 5 | 1990-91 | എൽ.എഫ്.എം.6/648/96 തീയതി 03.07.10 | 12 |
| 6 | 1991-92 | എൽ.എഫ്.എം.6/1251/94 തീയതി 03.07.10 | 17 |
| 7 | 1992-93<br>1993-94 | എൽ.എഫ്.എം.6/1000/96 തീയതി 03.07.10 | 17 |
| 8 | 1994-95<br>1995-96 | എൽ.എഫ്.എം.6/1014/97 തീയതി 10.10.10 | 30 |
| 9 | 1996-97 | എൽ.എഫ്.എം.15/617/99 തീയതി 10.10.10 | 11 |
| 10 | 1998-99 | എൽ.എഫ്.എം.14/487/01 തീയതി 10.10.10 | 2 |
| 11 | 1999-00 | എൽ.എഫ്.എം.17/849/06 തീയതി 10.10.10 | 9 |
| 12 | 1999-2002<br>(പ്ലാൻ) | എൽ.എഫ്.എം.14/877/04 തീയതി 12.10.10 | 40 |
| 13 | 2000-01 | എൽ.എഫ്.എം.17/1672/06 തീയതി 10.10.10 | 4 |
| 14 | 2001-02 | എൽ.എഫ്.എം.10/1858/06 തീയതി 10.10.10 | 9 |
| 15 | 2002-03 | എൽ.എഫ്.എം.17/67/08 തീയതി 10.10.10 | 3 |
| 16 | 2003-04 | എൽ.എഫ്.എം.17/68/08 തീയതി 10.10.10 | 8 |
| 17 | 2004-05 | എൽ.എഫ്.എം.17/2239/08 തീയതി 03.07.10 | 14 |
| 18 | 2005-06 | എൽ.എഫ്.എം.14/738/11/ തീയതി 28.05.11 | 10 |
| 19 | 2006-07 | എൽ.എഫ്.എം.14/1576/11 തീയതി 15.11.11 | 19 |
| 20 | 2007-08 | എൽ.എഫ്.എം.14/1291/12/ തീയതി 19.11.12 | 15 |
| 21 | 2008-09 | എൽ.എഫ്.എം.14/1292/12/ തീയതി 19.11.12 | 12 |
| 22 | 2009-10 | എൽ.എഫ്.എം.14/1293/12/ തീയതി 16.11.12 | 8 |
| 23 | 2010-11<br>2011-12 | എൽ.എഫ്.എം.14/399/13 തീയതി 12.07.13 | 18 |
| 24 | 2012-13<br>2013-14 | കെ.എസ്.എ.എം.പി.എം.14/1638/14 തീയതി 29.05.15 | 20 |
| 25 | 2014-15 | കെ.എസ്.എ.എം.പി.എം.25/3388/16 തീയതി 12.07.17 | 20 |
| 26 | 2015-16 | കെ.എസ്.എ.എം.പി.എം.25/240/17 തീയതി 18.04.18 | 16 |
| 27 | 2016-17 | കെ.എസ്.എ.എം.പി.എം.25/2359/17 തീയതി 12.06.19 | 14 |
| 28 | 2017-18 | കെ.എസ്.എ.എം.പി.എം.25/1079/19 തീയതി 18.06.19 | 22 |
| 29 | 2018-19 | കെ.എസ്.എ.എം.പി.എം.25/1464/20 തീയതി 19.11.20 | 21 |
| 30 | 2019-20 | കെ.എസ്.എ.എം.പി.എം.25/1708/22 തീയതി 02.08.22 | 30 |
| 31 | 2020-21 | കെ.എസ്.എ.എം.പി.എം.25/1709/22 തീയതി 10.05.23 | 19 |
| 32 | 2021-22 | കെ.എസ്.എ.എം.പി.എം.25/175/2023 തീയതി.22.07.23 | 24 |
| 33 | 2022-23 | കെ.എസ്.എ.എം.പി.എം.25/321/2024 തീയതി 21.05.24 | 36 |
| 34 | 2023-24 | കെ.എസ്.എ.എം.പി.എം.25/387/2025 തീയതി 10.11.2025 | 71 |

DISTRICT AUDIT OFFICE
KERALA STATE AUDIT DEPARTMENT
MALAPPURAM - 676 505

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 26-11-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Tirurangadi Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Tirurangadi Municipality as on 31-03-2025

Date: 13/03/2026

Senior Deputy Director
District Office Malappuram
Kerala State Audit Department

DISTRICT AUDIT OFFICE KERALA STATE AUDIT DEPARTMENT MALAPPURAM

## Audit Report appended to the Audit Certificate of Tirurangadi Municipality for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1.All the papers as per accounting rules are not included in the annual accounts.

i. Ratios

ii. Notes on accounts

iii. Comparative amounts
2. Decimal figures included in balance sheet.
3. Asset register has not been upto dated.
4. Deposit register has not been produced for audit.
5. Investment amount in balance sheet does not match with AFS.
6. Bank book and bank reconciliation statements have not been produced for audit.
7. Bank accounts are not included in AFS
8. Some bank accounts were not reconciliated.
9. Bank account remain inactive for a long period of time.
10. Expenditure as per ACR is not found matching with concerned items in AFS.
11. Depreciation values exceeds corresponding asset values.
12. Closing balance of various Grant in B4 schedule of balance sheet is different from B 17 schedule of Bank accounts.
13. Supporting vouchers of journal entries have not been produced for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

DISTRICT AUDIT OFFICE * KERALA STATE AUDIT DEPARTMENT * MALAPPURAM - 676 505